19
2024
മാർച്ച്
ചൊവ്വ
മീനം 6

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.155 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-155 | പേജ് 4. വില 2.00 രൂപ

02 വിഴിഞ്ഞം തുറമുഖത്ത് പുതിയ വേ ബ്രിഡ്ജ് സ്ഥാപിച്ചു
03 ജലയാത്രകൾ സുരക്ഷിതമാക്കാൻ പ്രത്യേക മാർഗ നിർദേശങ്ങൾ
04 തിരഞ്ഞെടുപ്പ് ബോണ്ട് വ്യാഴാഴ്ച വരെ സമയം; എല്ലാം വെളിപ്പെടുത്തണം







# തീരത്തെ കച്ചാൻകാറ്റിനൊപ്പം രാജീവ്ചന്ദ്രശേഖർ

**യേശുദാസ് വില്യം**

കടലിനും കടപ്പുറത്തിനും ഇതു വറുതിക്കാലം.തെരഞ്ഞെടപ്പിന്റെ ഉഷ്ണക്കാറ്റ് തീരനിവാസികളെ തഴുകിയും തലോടിയും കയറിയിറങ്ങുന്നു.തീരത്തിന്റെ മനസ്സു വായിച്ചെടുക്കുവാൻ രാഷ്ട്രീയ കക്ഷികൾക്ക് ആവുന്നില്ല.ചുഴിയും മലരിയുമുള്ള കടലുപോലെയാണിപ്പോൾ തീരത്തിന്റെ മനസ്സ്.പണിക്കുപോയിട്ട് ഒന്നുമില്ല.മണ്ണെണ്ണയും ഡീസലിനും പോലും തികയുന്നില്ലന്നു അവർ പറയുന്നു.ഇപ്പോൾ കടൽക്ഷോഭമില്ല എന്ന ആശ്വാസം മാത്രം.വരുന്ന മൺസൂൺ കാലത്തെ കടൽ പ്രവചനാതീതമാണ്.തീരമാണങ്കിൽ തകർന്നടിഞ്ഞു കിടക്കുന്നു.

പാർലമെന്റ് തെരഞ്ഞെടുപ്പിൽ കേരളത്തിന്റെ തലസ്ഥാനത്തെ തീരത്തു തലയെടുപ്പുള്ള സ്ഥാനാർത്ഥികൾ അങ്കം കുറിച്ചുകഴിഞ്ഞു.വിശ്വപൗരനും,നിലവിലെ എംപിയുമായ ശശിതരൂർ മൂന്നാമങ്കത്തിനിറങ്ങുന്നു.ജനകീയനും നിസ്വാർത്ഥ സേവനത്തിന്റെ ലാളിത്യവുമായി പന്ന്യൻ രവീന്ദ്രനും രംഗത്തിറങ്ങി.ശേഷിയിലും ശേമുഷിയിലും വിശ്വപൗരനോളം പോന്ന ടെക്നോക്രാറ്റും,ജനകീയരാഷ്ട്രീയത്തിന്റെ ന്യൂജെൻ മുഖവുമായി രാജീവ് ചന്ദ്രശേഖറും തട്ടകത്തിൽ പയറ്റു തുടങ്ങിക്കഴിഞ്ഞു.





കടൽകടന്നു രാജ്യം കീഴടക്കിയവർ നമ്മുടെ കടപ്പുറം കീഴടക്കുവാൻ നടത്തുന്ന കഠിനശ്രമങ്ങളായിരുന്നു പെസഹാക്കാലത്തെ കറുപ്പു ഞായറാഴ്ച്ച തിരുവനന്തപുരത്തെ തീരദേശം കണ്ടത്.വെള്ളയമ്പലത്തെ ലത്തീൻ അരമനയിലും,കഴക്കൂട്ടത്തെ പുരോഹിത സെമിനാരിയിലും എത്തി അതിരൂപതാ മെത്രാൻ തോമസ് ജെ നെറ്റോയേയും.സുസപാക്യം പിതാവിനെയും യഥാക്രമം ബിജെപി സ്ഥാനാർത്ഥിയായ രാജീവ് ചന്ദ്രശേഖറും,കോൺഗ്രസ് സ്ഥാനാർത്ഥിയായ ശശി തരൂരും കാലത്തു തന്നെ സന്ദർശനം നടത്തി.പന്ന്യൻ രവീന്ദ്രൻ പൂവാറിലും പുല്ലുവിളയിലുമൊക്ക തുറന്നജീപ്പിൽ സഞ്ചരിച്ചു കൊണ്ട് നോമ്പുകാലത്ത് പള്ളി പിരിഞ്ഞ് കൂട്ടമായെത്തിയ വിശ്വാസികളെ അഭിവാദ്യം ചെയ്തു.

ഉച്ചകഴിഞ്ഞു രാജീവ്ചന്ദ്രശേഖർ കേരള തീരത്തെ തെക്കേ അറ്റമായ പൊഴിയൂരിലും പരുത്തിയൂരിലും എത്തി തീരത്തിറങ്ങി മൽസ്യത്തൊഴിലാളികളെ കണ്ടു.പരുത്തിയൂരിലെ തീരശോഷണത്തിന്റെ വ്യാപ്തിയും ഭാവിയിൽ സംഭവിക്കാവുന്ന അപകടവും നേരിട്ടു മനസ്സിലാക്കി.തൊട്ടടുത്ത തമിഴ്നാട് തീരമായ നീരോടിയിലും,തേങ്ങാപ്പട്ടണത്തും നിർമ്മക്കപ്പെട്ട ഹാർബറും,പുലിമുട്ടുകളും സൃഷ്ടിക്കുന്ന ആഘാതമാണിതെന്ന് രാജീവ് ചന്ദ്രശേഖർ നേരത്തെ ഉദ്യോഗസ്ഥ തലത്തിൽ നടത്തിയ അന്വേഷണത്തിൽ മുൻകൂട്ടി മനസ്സിലാക്കിയിരുന്നു. ഇതിനായി 400 കോടിയുടെ വിപുലമായ പദ്ധതിയും നടപ്പിലാക്കിയിരുന്നു.പരുത്തിയൂരിലെയും പൊഴിയൂരിലെയും തീരസമൂഹത്തോട് രാജീവ് ചന്ദ്രശേഖർ ഇക്കാര്യം വെളിപ്പെടുത്തി. തീരത്തെ പ്രായമായ കരമടിക്കാരുടെയും, യുവാക്കളുടെയും,കാൽപന്തുകളിക്കാരുടെയും പ്രിയപ്പെട്ട പഞ്ചാരമണൽത്തീരം ഒരു തരിയും നഷ്ടപ്പെടുത്താതെ സംരക്ഷിക്കുവാനുള്ള പദ്ധതി രേഖയുടെ ഉത്തരവും രാജീവ് ചന്ദ്രശേഖർ അവരെ ബോദ്ധ്യപ്പെടുത്തി. പക്ഷേ ഈ തെരഞ്ഞെടുപ്പിൽ എന്നെ വിജയിപ്പിക്കണം. പറഞ്ഞകാര്യം ചെയ്യുമെന്ന് ഉറപ്പും കൊടുത്തു.

തീരത്തെ കുഞ്ഞാടുകളും ഇടയനും സാക്ഷിയായി നിന്നപ്പോൾ പതുപതുത്ത കടൽമണ്ണ് താണ്ടി രാജീവ് ചന്ദ്രശേഖർ നടന്നു നീങ്ങി ..അടുത്ത തീരത്തേക്ക്.പൂന്തുറയും വലിയതുറയും വെട്ടുകാടുമൊക്കെ സാമാനമായ പരിസ്ഥിതി ദുരന്തങ്ങളുടെ മുനമ്പിലാണ്...രാജീവ് ചന്ദ്രശേഖർ ഉറച്ചു തന്നെ മുമ്പോട്ടു നീങ്ങി.തീരത്തെയും തീരസമൂഹത്തെയും ഏറ്റെടുക്കണമെന്ന മനസ്സോടെ..പരുത്തിയൂർ പള്ളിമുറ്റത്തു നിന്നു രാജീവ് ചന്ദ്രശേഖർ വാഹനത്തിൽ കയറിയപ്പോൾ കടലിൽനിന്നു കച്ചാൻ കാറ്റു വീശി. മീൻ പിടുത്തകാർക്ക് ഇതു നല്ല ലക്ഷണമാണ്.കടലിൽ മീൻവരുന്നതിന്റെ ലക്ഷണം..രാജീവ് ചന്ദ്രശേഖർ കച്ചാൻ കാറ്റുപോലെ തിരുവനന്തപുരം തീരത്തിന് ഒരു ശുഭ ലക്ഷണമാകുമോ....

## തെളിവില്ലാതെ സമൂഹമാധ്യമത്തിൽ ആരോപണമുന്നയിച്ചാൽ കേസ്

തിരുവനന്തപുരം : സ്ഥാനാർഥിക്കോ പാർട്ടികൾക്കോ എതിരെ സമൂഹമാധ്യമങ്ങളിൽ തെളിവില്ലാതെ ആരോപണങ്ങൾ പോസ്റ്റ് ചെയ്താൽ കുടുങ്ങും. അത്തരം പരാതി ലഭിച്ചാൽ ഉടനെ ആളെ പിടികൂടാനും തെളിവ് ആവശ്യപ്പെടാനുമാണ് തിരഞ്ഞെടുപ്പ് കമ്മിഷന്റെ തീരുമാനം. തെളിവ് ഇല്ലെങ്കിൽ കേസെടുക്കും. ഇത്തരം പോസ്റ്റുകൾ പങ്കുവയ്ക്കുന്നതും കുറ്റകരമാകും.

തിരഞ്ഞെടുപ്പിന്റെ ഭാഗമായി രാഷ്ട്രീയപാർട്ടികൾ സമൂഹമാധ്യമ പടയെ സജീവമാക്കിയതോടെയാണു കമ്മിഷനും പിടിമുറുക്കിയത്. പൊലീസിനോട് പ്രത്യേക സൈബർ ടീം തയാറാക്കി നിരീക്ഷണം ഉറപ്പാക്കാൻ കമ്മിഷൻ നിർദേശിച്ചു. എസ്പി, മേഖലാ ഐജി ഡിഐജി, പൊലീസ് ആസ്ഥാനത്ത് സൈബർ ഓപ്പറേഷൻ ഡിവിഷൻ എന്നിവർക്കാണു ചുമതല. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിലെ 171(ജി) പ്രകാരമാണ് നടപടി. രാജ്യദ്രോഹപരമായതോ വർഗീയമായതോ അക്രമങ്ങൾക്ക് വഴിവയ്ക്കുന്നതോ ആയ പോസ്റ്റുകളും ഇതിന്റെ പരിധിയിൽ പെടും.

പരാതി അറിയിക്കാൻ എല്ലാ ജില്ലയിലും വാട്സാപ് നമ്പറുകൾ പൊലീസും തിരഞ്ഞെടുപ്പ് കമ്മിഷനും നൽകും. പോസ്റ്റ് ലിങ്ക് വാട്സാപ്പിലോ ഇമെയിലിലോ അയച്ചാൽ നടപടി സ്വീകരിക്കും. ആവശ്യപ്പെട്ടാൽ ഉടൻ ഇത്തരം പോസ്റ്റുകൾ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് സമൂഹമാധ്യമ കമ്പനികളെയും കമ്മിഷൻ അറിയിച്ചിട്ടുണ്ട്.

## ഇപിയുടെ പ്രസ്താവന ലാഘവത്തോടെ കാണാൻ കഴിയില്ല: ചെന്നിത്തല

ഹരിപ്പാട്: ബിജെപി സ്ഥാനാർഥികൾ മികച്ചതാണെന്ന എൽഡിഎഫ് കൺവീനർ ഇ.പി. ജയരാജൻറെ പ്രസ്താവന ലാഘവത്തോടെ കാണാൻ കഴിയില്ലെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല.

ബിജെപി വിജയിച്ചാലും കുഴപ്പമില്ല കോൺഗ്രസ് തകർന്നാൽ മതിയെന്ന ലക്ഷ്യമാണ് സിപിഎമ്മിന്. ബിജെപിയുടെ ബി ടീമായാണ് നിലവിൽ സിപിഎം പ്രവർത്തിക്കുന്നത്. ഇ.പിയുടെ പ്രസ്താവന സിപിഎമ്മിൻറെ മനസിലിരിപ്പ് വ്യക്തമാക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ജയരാജൻറെ പ്രസ്താവനയെ മുഖ്യമന്ത്രിയും സിപിഎം സംസ്ഥാന സെക്രട്ടറിയും പ്രോത്സാഹിപ്പിക്കുകയായിരുന്നു. ബിജെപി ജയിച്ചാൽ സന്തോഷിക്കുന്ന പാർട്ടിയാണ് സിപിഎം മാറിയെന്നും ഇരുപാർട്ടികളും തമ്മിലുള്ള അന്തർധാര വ്യക്തമായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ലത്തീൻ സമുദായം രാഷ്ട്രീയ സമ്മർദ്ദശക്തിയായി മാറണം: ബിഷപ്പ് അംബ്രോസ് പുത്തൻവീട്ടിൽ

കോട്ടപ്പുറം: സമകാലിക സമൂഹത്തിൽ അവകാശങ്ങൾ നേടിയെടുക്കുന്നതിന് രാഷ്ട്രീയ സമ്മർദ്ദ ശക്തിയായി പ്രവർത്തിക്കാൻ കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ നേതാക്കളോട് ആഹ്വാനം ചെയ്ത് ബിഷപ്പ് അംബ്രോസ് പുത്തൻവീട്ടിൽ. ജസ്റ്റിസ് ജെബി കോശി കമ്മീഷൻ ശുപാർശകർ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് സംഘടിപ്പിക്കുന്ന ആയിരം പ്രചാരണ യോഗങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം കോട്ടപ്പുറം വികാസിൽ നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.



പ്രശ്നാധിഷ്ഠിതമായ നിലപാട് കൈക്കൊള്ളുന്നതിന്റെ ഭാഗമായി എല്ലാ യൂണിറ്റുകളിലും സമുദായം നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യും എന്ന് മുഖ്യ പ്രഭാഷണം നടത്തിയ സംസ്ഥാന പ്രസിഡൻറ് അഡ്വ ഷെറി ജെ തോമസ് പറഞ്ഞു. പ്രശ്നങ്ങളോട് അധികാര കേന്ദ്രങ്ങളും മുന്നണികളും കൈക്കൊള്ളുന്ന നിലപാടുകളുടെ അടിസ്ഥാനത്തിൽ തുടർചർച്ചകൾ ഉണ്ടാകും. ജെബി കോശി കമ്മീഷൻ റിപ്പോർട്ട് പുറത്തുവിടാൻ സർക്കാർ തയ്യാറാകണം.

അനിൽ കുന്നത്തൂർ അധ്യക്ഷത വഹിച്ചു. ബിജു ജോസി, മോൺ. റോക്കി റോബിൻ, ജോൺസൺ മങ്കുഴി, സേവ്യർ പടിയിൽ, ഷൈജ ആന്റണി , ഇ ഡി ഫ്രാൻസീസ്, അലക്സ് താളുപ്പാടത്ത്, ജോൺസൻ വാളൂർ, സേവ്യർ പടിയിൽ , ഷൈജ ആന്റണി , ജോൺസൻ വാളൂർ മുതലായവർ പ്രസംഗിച്ചു. സംസ്ഥാന സമിതി പ്രതിനിധികളായി സാബു കണക്കാശ്ശേരി പൂവം ബേബി, വിൻസ് പെരിഞ്ചേരി, ബേസിൽ മുക്കത്ത് എന്നിവർ സംബന്ധിച്ചു.

## ശ്രേയാ ഘോഷാലിന്റെ ജന്മദിനം മാർച്ച് പന്ത്രണ്ടിനാണ്
# വിട പറഞ്ഞെത്തിയ മധുര ശബ്ദം

**മോഹൻ ശ്രീശൈലം**



ബംഗാളിൽ ജനിച്ചു ഉത്തരേന്ത്യൻ ഭാഷകളിലും ദക്ഷിണേന്ത്യൻ ഭാഷകളിലും ഗാനങ്ങൾ ആലപിച്ചു ഇന്ത്യയിൽ ആകെ വലിയ ആരാധകവൃന്ദത്തെ സൃഷ്ടിച്ച ഗായികയാണ് ശ്രേയ ഘോഷാൽ. അതുല്യമായ ആലാപനത്തിനോപ്പം ഏത് ഭാഷയോടും വേഗത്തിൽ പൊരുത്തപെടാൻ സാധിക്കുന്നു എന്നത് ശ്രേയയെ വ്യത്യസ്തമാക്കുന്നു.

1984 മാർച്ച് 12ന് പശ്ചിമബംഗാളിലെ മുർഷിദാബാദിൽ ബിസ്വജിത്ത് സർമിസ്ഥ ദമ്പതികളുടെ മകളായാണ് ശ്രേയയുടെ ജനനം. ഇലട്രിക്കൽ എൻജിനീയർ ആയുരുന്ന പിതാവിൻറെ ജോലിസ്ഥലം ആയ രാജസ്ഥാനിലെ കോട്ടയിൽ ആണ് ശ്രേയ വളർന്നത്. നാലാമത്തെ വയസു മുതൽ സംഗീതത്തിന്റെ ആദ്യ പാഠങ്ങൾ പഠിച്ചു തുടങ്ങി. ആറാം വയസ്സുമുതൽ ഹിന്ദുസ്ഥാനി ശാസ്ത്രീയ സംഗീതത്തിലും പഠനം ആരംഭിച്ചു. ചെറുപ്പത്തിൽ തന്നെ ഡൽഹി സംഗം കലാ സംഘം സംഘടിപ്പിച്ച ഒരു അഖിലേന്ത്യാ ലളിത സംഗീത മത്സരത്തിൽ സംഘഗാന വിഭാഗത്തിൽ സമ്മാനം നേടിയിരുന്നു.

1997ൽ പിതാവിന് മുംബൈയിലേക്ക് സ്ഥലംമാറ്റം കിട്ടിയപ്പോൾ കുടുംബം അങ്ങോട്ട് മാറി. അവിടെവെച്ച് പ്രശസ്ത സംഗീത സംവിധാന ജോഡിയായ കല്യാൺജി ആനന്ദ്ജിയിലെ കല്യാൺജിയുടെ കീഴിലും സംഗീതം പഠിക്കാൻ അവസരം കിട്ടി. 1998ൽ ആദ്യമായി സ്റ്റുഡിയോയിൽ റെക്കോർഡ് ചെയ്ത ആൽബം പുറത്തുവന്നു. 2000ൽ 16ആം വയസ്സിൽ സീ ടിവിയിലെ സരിഗമ എന്ന പരിപാടിയിൽ വിജയിയായി. സരിഗമയിലെ പ്രകടനം ശ്രദ്ധിച്ച സംവിധായകനായ സഞ്ജയ്ലീലാ ബൻസാലി തന്റെ ചിത്രമായ ദേവദാസിൽ ശ്രേയയ്ക്ക് പാടാൻ അവസരം നൽകി. ഇസ്മയിൽ ദർബാറിന്റെ സംഗീതത്തിൽ ശ്രേയ അഞ്ച് ഗാനങ്ങളാണ് ഈ ചി

(ശേഷം പേജ് 4)

# സംസ്ഥാനത്ത് വിധിയെഴുതാൻ 2.7 കോടി വോട്ടർമാർ




തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൽ ജനവിധിയെഴുതാൻ സംസ്ഥാനത്ത് പോളിംഗ് ബൂത്തിലെത്തുക 2.7 കോടി വോട്ടർമാർ. രണ്ടാം ഘട്ടത്തിൽ ഏപ്രിൽ 26 നാണ് കേരളത്തിലെ വോട്ടെടുപ്പ്.

അന്തിമ വോട്ടർപട്ടിക പ്രകാരം 2,70,99,326 വോട്ടർമാരാണ് സംസ്ഥാനത്ത് ആകെയുള്ളത്. ഇതിൽ 5,74,175 വോട്ടർമാർ പുതുതായി പേര് ചേർത്തവരാണ്. 1,39,96,729 പേർ സ്ത്രീകളാണ്. 1,31,02,288 പുരുഷ വോട്ടർമാരും 309 ട്രാൻസ്ജെൻഡർ വോട്ടർമാരുമുണ്ട്. ഏറ്റവും കൂടുതൽ വോട്ടർമാർ ഉള്ള ജില്ല മലപ്പുറമാണ്. 32,79,172 വോട്ടർ!മാരാണ് ഇവിടെയുള്ളത്. കുറവ് വയനാടാണ് (6,21,880). കൂടുതൽ സ്ത്രീ വോട്ടർമാർ ഉള്ളതും മലപ്പുറത്താണ്. 16,38,971 പേർ. കൂടുതൽ ട്രാൻസ്ജെൻഡർ വോട്ടർമാരുള്ളത് തിരുവനന്തപുരത്താണ്. 60 പേർ. പ്രവാസി വോട്ടർമാർ 88,223 പേരാണ് സംസ്ഥാനത്തുള്ളത്. കോഴിക്കോട് ജില്ലയിലാണ് കൂടുതൽ പേർ (34,909). സംസ്ഥാനത്ത് 25,177 പോളിങ് സ്റ്റേഷനുകളാണുള്ളത്.

അന്തിമവോട്ടർ പട്ടിക സംസ്ഥാന മുഖ്യതെരഞ്ഞെടുപ്പ് ഓഫിസറുടെ വെബ്സൈറ്റിൽ (www.ceo.kerala.gov.in) ലഭ്യമാണ്. താലൂക്ക് ഓഫിസുകളിലും വില്ലേജ് ഓഫിസുകളിലും ബൂത്ത് ലെവൽ ഓഫിസറുടെ കൈവശവും അന്തിമ വോട്ടർ പട്ടിക ലഭിക്കും. അന്തിമ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ കഴിയാതെ പോയവർക്ക് ഇനിയും അവസരമുണ്ട്. പിന്നീട് കൂട്ടിച്ചേർത്തവരുടെയും ഒഴിവാക്കിയവരുടെയും പേരുകൾ ഉൾപ്പെടുത്തിയ അനുബന്ധപട്ടികയും പ്രസിദ്ധീകരിക്കും.

# മാലിന്യ മുക്തം നവകേരളം മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ ശക്തമാക്കാൻ തദ്ദേശ വകുപ്പ്

തിരുവനന്തപുരം: മാലിന്യ മുക്തം നവകേരളം കാമ്പയിനിന്റെ ഭാഗമായി മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ്. സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനപങ്കാളിത്തത്തോടെയും മഴക്കാലത്തിന് മുമ്പുള്ള ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കാനാണ് തീരുമാനം.

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ മാർച്ച് അവസാന വാരം തുടങ്ങി മേയ് 20 നകം തദ്ദേശസ്ഥാപനതല സെക്രട്ടറിയുടെ നേതൃത്വത്തിൽ പൂർത്തിയാക്കണമെന്ന് എൽഎസ്ജിഡി സ്പെഷ്യൽ സെക്രട്ടറി മുഹമ്മദ് വൈ സഫീറുള്ള പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്നു. കാമ്പയിൻ മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങളും ഉത്തരവാദിത്തങ്ങളും വിലയിരുത്തുന്നതിന് ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ യോഗം ചേരണം. മാർഗരേഖയിൽ നിർദേശിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങൾ വിവിധ മിഷനുകൾ/ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടപ്പാക്കണം. പൊതുജനാരോഗ്യവും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബോധവല്ക്കരണ പരിപാടികളും സംഘടിപ്പിക്കണം.

മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിനായി മാലിന്യ ശേഖരണം കാര്യക്ഷമമാക്കുന്നതിനൊപ്പം പൊതുയിടങ്ങൾ മാലിന്യമുക്തമാക്കുന്നതിനും വെള്ളക്കെട്ടുകളും ജലാശയങ്ങളിലെ നീരൊഴുക്ക് തടസങ്ങൾ നീക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ മാർച്ച് 31 ന് മുൻപ് ഉറപ്പാക്കുന്ന വിധം വാർഡ് തല പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനം ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. ഇതിനായി വാർഡ് തല ശുചിത്വ സമിതികളുടെ പ്രവർത്തനം ഊർജിതപ്പെടുത്തണം. മാലിന്യക്കൂനകൾ, വെള്ളക്കെട്ട് സ്ഥലങ്ങൾ എന്നിങ്ങനെ പൊതുജനാരോഗ്യപ്രശ്നം സൃഷ്ടിക്കുന്നവയുടെ പട്ടിക തയ്യാറാക്കി മാർച്ച് 30 ന് മുൻപ് എൽഎസ് ജിഡി സെക്രട്ടറിയ്ക്ക് സമർപ്പിക്കണം. മാലിന്യ സംസ്ക്കരണ രീതികൾ പാലിക്കാത്തവർക്കെതിരെ പൊതുജനാരോഗ്യ നിയമ പ്രകാരം നിയമ നടപടി സ്വീകരിക്കണമെന്നും ഉത്തരവിൽ പറയുന്നു. ഇതുമായി ബന്ധപ്പെട്ട പരാതികളിൻമേൽ 24 മണിക്കൂറിനകം പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കണം. ജൈവഅജൈവ മാലിന്യനിർമാർജനം കുടുംബശ്രീ മോണിറ്റർ ചെയ്യുന്നതിനൊപ്പം ഹരിതകർമ സേനയ്ക്ക് പരിശീലനവും നൽകണം.

വാർഡ് തല മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ കൃത്യവും സമയബന്ധിതവുമായി പുരോഗമിക്കുന്നുണ്ടെന്ന് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ സെക്രട്ടറിമാർ ഉറപ്പാക്കണം.ഈ മാസം 31 ന് മുമ്പ് ഹരിതമിത്രം ആപ്പിൽ ഉറവിട മാലിന്യ നിർമാർജനത്തിന്റെ വാതിൽപ്പടി ശേഖരണത്തിന്റെയും വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ ഉറപ്പാക്കണം.

മഴക്കാല പൂർവ ശുചീകരണത്തിന് ഗ്രാമപഞ്ചായത്തുകളിലെ ഓരോ വാർഡിനും 30,000 രൂപ വരെയും മുനിസിപ്പൽ കോർപറേഷനുകളിൽ 40,000 രൂപ വരെയും ചെലവഴിക്കാം. ജില്ലാചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യണം. എൽഎസ് ജിഡി പ്രിൻസിപ്പൽ ഡയറക്ടർ രണ്ടാഴ്ചയിലൊരിക്കലും ജോയിന്റ് ഡയറക്ടർ ആഴ്ചയിലൊരിക്കലും പ്രവർത്തനങ്ങൾ വിലയിരുത്തും.

എൽഎസ്ജിഡി അധ്യക്ഷൻമാരുടെ നേതൃത്വത്തിൽ ആഴ്ചയിലൊരിക്കൽ പുരോഗതി അവലോകനം ചെയ്യണമെന്നും ഉത്തരവിൽ പറയുന്നു.

# തീപിടിത്തം തുടർക്കഥ; കരുവാരകുണ്ടിൽ ഫയർഫോഴ്സ് സ്റ്റേഷന് ആവശ്യമുയരുന്നു

കരുവാരകുണ്ട്: തീപിടിത്തങ്ങൾ തുടർക്കഥയായിട്ടും മലയോര മേഖലയായ കരുവാരകുണ്ടിൽ അഗ്നിശമന നിലയം ഇനിയും യാഥാർഥ്യമായില്ല. കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിൽ മാത്രമായി സൈലൻറ് വാലി ബഫർ സോണിനോട് ചേർന്നു ധാരാളം വനമേഖലയുണ്ട്. വേനൽ കടുക്കുന്നതോടെ വനമേഖലയിൽ തീപിടിത്തം സാധാരണമാണ്. മുൻ വർഷങ്ങളിൽ മലയോരത്ത് തീപിടിത്തമുണ്ടായി അത്യപൂർവമായ ചെടികളും ജീവജാലങ്ങളും ഇഴജന്തുക്കളും കത്തിനശിച്ചിരുന്നു. കൂടാതെ സ്വകാര്യവ്യക്തികളുടെ കൃഷിത്തോട്ടങ്ങളിലും തീപടർന്നു പിടിക്കാറുണ്ട്. ഇതുമൂലം ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളാണ് സംഭവിക്കുന്നത്.

കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി കരുവാരകുണ്ട്, തുവൂർ ഭാഗങ്ങളിൽ ജനവാസകേന്ദ്രങ്ങളോടു ചേർന്ന് പലതവണ തീപിടിത്തമുണ്ടായി. തിരുവാലിയിൽ നിന്നു ഫയർഫോഴ്സ് എത്തിയപ്പോഴേക്കും നാട്ടുകാർ ചേർന്നു തീ നിയന്ത്രണ വിധേയമാക്കി. തുവൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിനു സമീപവും ചെമ്പൻകുന്ന് സ്വകാര്യവ്യക്തിയുടെ ഭൂമിയിലും കിഴക്കേത്തല ബസ് സ്റ്റാൻഡിനോട് ചേർന്നുള്ള ഭാഗത്തുമെല്ലാം കഴിഞ്ഞ ദിവസങ്ങളിൽ തീപിടിച്ചിരുന്നു. മലയോര മേഖലയിൽ ഫയർഫോഴ്സ് കേന്ദ്രം സ്ഥാപിക്കണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. ഫയർഫോഴ്സ് സ്റ്റേഷൻ ലഭ്യമാവുകയാണെങ്കിൽ ഭൂമി വിട്ടുകൊടുക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിരുന്നു. ഗ്രാമപഞ്ചായത്തിൻറെ അധീനതയിൽ പുറമ്പോക്ക് ഭൂമി ലഭ്യമാണ്. എന്നാൽ സർക്കാർ തലത്തിൽ അനുകൂലമായ തീരുമാനങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നാണ് നാട്ടുകാർ ആരോപിക്കുന്നത്. വനസമ്പത്തും അപൂർവമായ ജൈവ മേഖലയും ഉൾക്കൊള്ളുന്ന മലവാരവും ധാരാളം കൃഷിഭൂമികളുമുള്ള മലയോര മേഖലയിൽ ഫയർഫോഴ്സ് സ്റ്റേഷൻ വളരെ അത്യാവശ്യമാണെന്നാണ് നാട്ടുകാർ ചൂണ്ടിക്കാട്ടുന്നത്.

മഴക്കാലങ്ങളിൽ പുഴകളിൽ വെള്ളം കവിഞ്ഞൊഴുകിയും ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുണ്ടായി നാശനഷ്ടങ്ങളും ജീവഹാനി നേരിടുകയും ചെയ്യാറുണ്ട്. ഇത്തരം സാഹചര്യം മുൻനിർത്തി മലയോര മേഖലയിൽ ഫയർഫോഴ്സ് സ്റ്റേഷൻ അനുവദിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

# യാത്രക്കാർ വലഞ്ഞു : സീറ്റ് ബുക്കിംഗുള്ള സർവീസ് കെഎസ്ആർടിസി റദ്ദാക്കി

തിരുവനന്തപുരം: സീറ്റ് ബുക്കിംഗുള്ള സർവീസ് കെഎസ്ആർടിസി റദ്ദാക്കിയതിനെ തുടർന്നു യാത്രക്കാർ വലഞ്ഞു. കഴിഞ്ഞ ദിവസം തിരുവനന്തപുരത്തുനിന്നും കൊല്ലത്തേക്കുള്ള എസി ബസ് ആണ് മുന്നറിയിപ്പില്ലാതെ കെഎസ്ആർടിസി റദ്ദാക്കിയത്. മുക്കാൽ മണിക്കൂറോളം കാത്തുനിന്നശേഷമാണ് ബസ് സർവീസ് നടത്തുന്നില്ലെന്ന വിവരം അറിഞ്ഞത്.

ഇതിനിടെ കെഎസ് ആർടിസിയുമായി ബന്ധപ്പെട്ട നിരവധി ഫോൺ നന്പരുകളിൽ വിളിച്ചിട്ടും വ്യക്തമായ മറുപടി യാത്രക്കാർക്കു ലഭിച്ചില്ല. വെള്ളിയാഴ്ച രാവിലെ 10. 10നു തന്പാനൂരിൽനിന്നും കൊല്ലത്തേക്കു പുറപ്പെടേണ്ടിയിരുന്ന എസി ബസിൽ യാത്രചെയ്യുന്നതിനായി ടിക്കറ്റ് ബുക്ക് ചെയ്ത യാത്രക്കാർക്കാണ് കെ എസ് ആർടിസിയിൽ നിന്നും ദുരനുഭവമുണ്ടായത്.

സാധാരണ സർവീസ് ആരംഭിക്കുന്നതിനു മുൻപ് ബസ് നന്പരും കണ്ടക്ടറുടെ ഫോൺ നന്പരും ഉൾപ്പെടെ യാത്രക്കാരുടെ ഫോണിലേക്ക് മെസേജ് അയ്ക്കുന്ന രീതിയുണ്ടായിരുന്നെങ്കിലും അതുണ്ടായില്ല. ബസ് കാണാത്തതിനെ തുടർന്ന് ബുക്ക് ചെയ്തപ്പോൾ ലഭിച്ച നന്പരായ 04742752008ലും 944707 1021, 04712323886 എന്നീ നന്പരുകളിലും നിരവധി തവണ മാറിമാറി വിളിച്ചെങ്കിലും ഈ ബസിനെക്കുറിച്ച് ഒരു വിവരവും ലഭിച്ചില്ല.തിരുവനന്തപുരം ഡിപ്പോയിൽ വിളിക്കുന്പോൾ കൊല്ലം ഡിപ്പോയിലെ ബസാണ്, അവിടെ വിളിക്കാനാണ് നിർദേശം ലഭിച്ചത്. കൊല്ലം ഡിപ്പോയിൽ വിളിക്കുന്പോഴാകട്ടെ തന്പാനൂർ ഡിപ്പോയിൽ വിളിച്ചാലേ വിവരം അറിയാൻ കഴിയൂ എന്നുള്ള മറുപടിയുമുണ്ടായി. ഒടുവിൽ മുക്കാൽ മണിക്കൂറിനു ശേഷമാണ് ഈ ബസ് സർവീസ് നടത്തുന്നില്ല എന്ന വിവരം ലഭിച്ചത്. അതും നിരവധി തവണ നിരവധി ഫോൺ നന്പരുകളിലേക്കു വിളിച്ച ശേഷം മാത്രം.

സീറ്റുകൾ ബുക്ക് ചെയ്ത് പണം അടച്ചിട്ടും ബസ് സർവീസ് നടത്തുന്നില്ല എന്ന വിവരം അറിയിക്കാത്തത് വളരെ ബുദ്ധിമുട്ടുണ്ടാക്കിയതായി യാത്രക്കാർ പരാതിപ്പെടുന്നു. അത്യാവശ്യ യാത്ര ആയതിനാലാണ് യാത്രയ് ക്കായി കെഎസ് ആർടിസി എസി ബസ് തെരഞ്ഞെടുത്തതും സീറ്റുകൾ റിസർവ് ചെയ്തതും. ഒടുവിൽ ഈ ബസ് സർവീസ് നടത്തിയില്ലെന്നു മത്രമല്ല, സർവീസ് നടത്തുന്നില്ല എന്ന വിവരം അറിയിച്ചതുമില്ല.

കെഎസ്ആർടിസി സർവീസ് റദ്ദാക്കിയതിനെ തുടർന്ന് ഉദ്യേശിച്ച സമയത്ത് സ്ഥലത്ത് എത്തിച്ചേരാൻ സാധിക്കാത്തത് ബുദ്ധിമുട്ടുണ്ടാക്കിയതായും ടിക്കറ്റുകൾ ബുക്ക് ചെയ്ത യാത്രക്കാർ പറയുന്നു. സംഭവത്തെത്തുടർന്ന് കെഎസ് ആർടിസി സിഎംഡിക്കു പരാതി നൽകിയിട്ടുണ്ട്.

# എക്സൈസ് ഉദ്യോഗസ്ഥനെ ആക്രമിച്ച സംഭവം; പ്രതികളെ റിമാൻഡ് ചെയ്തു

തിരുവല്ലം: കഞ്ചാവ് വിൽപന സംഘത്തെ പിടികൂടാനെത്തിയ എക്സൈസ് ഉദ്യാഗസ്ഥനെ ബിയർകുപ്പി പൊട്ടിച്ച് കുത്തിപ്പരിക്കേൽപ്പിച്ച കേസിലെ പ്രതികളെ റിമാൻഡ് ചെയ്തു. കരുമം പുഞ്ചക്കരി മുട്ടളക്കുഴി ലക്ഷംവീട് കോളനിയിൽ ശംഭു (33 ) , മുട്ടളക്കുഴി വെട്ടുവിള മേലെ പുത്തൻവീട്ടിൽ അനീഷ് കുമാർ (30) എന്നിവരെയാണ് റിമാൻഡ് ചെയ്തത്.

ശനിയാഴ്ച ഉച്ചതിരിഞ്ഞ് മുട്ടളക്കുഴി ഭാഗത്ത് കഞ്ചാവ് വിൽപ്പന നടക്കുന്നതായി ലഭിച്ച രഹസ്യവിവരിത്തിൻറെ അടിസ്ഥാനത്തിൽ സ്ഥലത്തെത്തിയ സിവിൽ എക്സൈസ് ഓഫീസർ കരമന സ്വദേശി അൽത്താഫ് മുഹമ്മദിനെ (32)യാണ് പ്രതികൾ ആക്രമിച്ചു കൊലപ്പെടുത്താൻ ശ്രമിച്ചത്.

വഴിയരികിൽ നിൽക്കുകയായിരുന്ന ശംഭുവിനെ ചോദ്യം ചെയ്യുന്നതിനിടെ അനീഷ് കുമാർ ബിയർ കുപ്പി പൊട്ടിച്ച് അൽത്താഫ് മുഹമ്മദിൻറെ കുത്തിപ്പരിക്കേൽപ്പിക്കുകയായിരുന്നു. തുടർന്ന് രക്ഷപ്പെടാൻ ശ്രമിച്ച പ്രതികളെ എക്സൈസ് സംഘം തടഞ്ഞുവച്ച് തിരുവല്ലം പോലീസിന് കൈമാറുകയായിരുന്നു.

വധശ്രമത്തിന് പ്രതികൾക്കെതിരെ കേസെടുത്തതായി തിരുവല്ലം എസ്എച്ച്ഒ ആർ.ഫയാസ് , എസ് ഐ ജി.ഗോപകുമാർ എന്നിവർ അറിയിച്ചു.

പുഞ്ചക്കരി മുട്ടളക്കുഴി ഭാഗത്ത് സ്ഥിരം കഞ്ചാവ് വിൽപ്പന നടക്കുന്നതായും വിവിധയിടങ്ങളിൽ നിന്നും കഞ്ചാവ് വാങ്ങാൻ ഇവിടെ ആവശ്യക്കാർ എത്താറുണ്ടെന്നും നാട്ടുകാർ പറയുന്നു. പരാതിയുടെ അടിസ്ഥാനത്തിലാണ് ശനിയാഴ്ച എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഉനൈസ് അഹമ്മദ് ,സിവിൽ എക്സൈസ് ഓഫീസർമാരായ അൽത്താഫ് , ബിനു , റിനുരാജ് , മണികണ്ഠൻ എന്നിവരുൾപ്പെട്ട സംഘം പരിശോധനയ്ക്കായി സംഭവ സ്ഥലത്തെത്തിയത്. പ്രതികളിൽ നിന്നും അധികൃതർ കഞ്ചാവും പിടിച്ചെടുത്തു. ഞായറാഴ്ച കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

# മർദനമേറ്റ് അച്ഛൻ മരിച്ചു; രണ്ടുമക്കൾ അറസ്റ്റിൽ

വെഞ്ഞാറമൂട്: മക്കളുടെ മർദനമേറ്റു പിതാവിനു ദാരുണാന്ത്യം. രണ്ടുപേർ അറസ്റ്റിൽ. കീഴായിക്കോണത്തിനു സമീപം അമ്പലമുക്ക് ഗാന്ധി നഗർ സുനിതാഭവനിൽ സുധാകരനാണ് (57) മരിച്ചത്. മക്കളും ഇരട്ട സഹോദരങ്ങളുമായ നന്ദു എന്ന കൃഷ്ണ (24), ചന്തു എന്ന ഹരി എന്നിവരാണ് അറസ്റ്റിലായത്.

ശനിയാഴ്ച രാത്രി 10.30 മണിയോടെയായിരുന്നു സംഭവം. സുധാകരൻറെ ഭാര്യയായ സുനിതയുടെ ജന്മദിനവുമായി ബന്ധപ്പെട്ട് വീട്ടിൽ ആഘോഷങ്ങളുണ്ടായിരുന്നു. ഇതിനിടയിൽ ഭാര്യയും ഭർത്താവും തമ്മിൽ വഴക്കുണ്ടായി.

തുടർന്ന് സുധാകരനും ഇളയ മകനായ ആരോമലും ഒരു പക്ഷത്തും മാതാവും മൂത്ത മക്കളായ കൃഷ്ണയും ഹരിയും മറു പക്ഷത്തുമായി വീട്ടിൽവച്ച് വാക്കേറ്റമുണ്ടാവുകയും കൈയേറ്റത്തിൽ കലാശിക്കുകയും അതു വീടിന് മുമ്പിലെ റോഡിലേക്ക് മാറുകയും ചെയ്തു. ഇവിടെ വച്ച് ഇളയ മകനായ ആരോമലിനെ മറ്റു രണ്ടുപേർ മർദ്ദിക്കുന്നത് തടയാൻചെന്ന സുധാകരന് അടിയേല്ക്കുകയും സമീപത്തെ തോട്ടിലേക്കു വീഴുകയും ചെയ്തു.

തോട്ടിൽ വീണിട്ടും സുധാകരനു മക്കളിൽനിന്നു മർദനമേല്ക്കേണ്ടി വന്നു. ഇതിനിടയിൽ ബഹളംകേട്ട് നാട്ടുകാരെത്തി പരിക്കേറ്റു കിടന്നവരെ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും സുധാകരൻ താമസിയാതെ മരണമടയുകയായിരുന്നു.

സംഭവത്തിൽ കേസെടുത്ത വെഞ്ഞാറമൂട് പോലീസും വിരലടയാള വിദഗ്ദരും സ്ഥലത്തെത്തി വിശദമായ പരിശോധന നടത്തി. വെഞ്ഞാറമൂട് എസ്എച്ച്ഒ. പി.എസ്. രാജേഷ്, എസ് ഐ ജ്യോതിഷ് ചിറവൂർ, ഗ്രേഡ് എസ്ഐമാരായ ബേസിൽ, ജി. ശശിധരൻ, സീനിയർ സിവിൽ പോലീസ് ഓഫീസർ നിഥിൻ, സിവിൽ പോലീസ് ഓഫീസർമാരായ ആകാശ്, വിഷ്ണു, സജീർ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.

തുടർന്ന് അറസ്റ്റ് രേഖപ്പെടുത്തി പ്രതികളെ കോടതിയിൽ ഹാജരാക്കി. പോസ്റ്റുമോർട്ടത്തിനുശേഷം സുധാകരൻറെ മൃതദേഹം സംസ്കരിച്ചു.

# വിഴിഞ്ഞം തുറമുഖത്ത് പുതിയ വേ ബ്രിഡ്ജ് സ്ഥാപിച്ചു

വിഴിഞ്ഞം: വിഴിഞ്ഞം തുറമുഖത്ത് പുതിയ വേ ബ്രിഡ്ജ് റെഡിയാകുന്നു. ഇനി ഭാരമളക്കുന്നതിനുള്ള വാഹനങ്ങളും ചരക്കുകളും വന്നാൽ മതി. ഒരു രൂപയുടെ ഭാരം പോലും അളക്കാൻ വിധിയില്ലാതെ തുരുമ്പെടുത്ത് നശിച്ച പഴയ വേ ബ്രിഡ്ജ് മാറ്റിയശേഷം രണ്ട് ദിവസം മുൻപാണ് പതിനാറ് ലക്ഷം മുടക്കിയുള്ള രണ്ടാമത്തെ ബ്രിഡ്ജ് അതേസ്ഥലത്ത് സ്ഥാപിച്ചത്.

ഹൈദ്രാബാദ് ആസ്ഥാനമായുള്ള മെറ്റ് ലൈഫ് ഇന്ത്യാ ലിമിറ്റഡ് എന്ന കമ്പനിക്കായിരുന്നു നിർമാണ ചുമതല. മോണിറ്റർ ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിയ ശേഷമാണ് കമ്പനി അധികൃതർ മടങ്ങിയത്. കസ്റ്റംസ് ഏരിയാ ഡിക്ലറേഷനുമായി ബന്ധപ്പെട്ട് ഏഴു വർഷം മുൻപാണ് ആദ്യ ബ്രിഡ്ജ് സ്ഥാപിച്ചത്.

അന്താരാഷ്ട്ര തുറമുഖ നിർമാണം പൂർത്തിയാകുന്ന മുറക്ക് മാതൃതുറമുഖത്തിൻറെ വികസനവും അധികൃതർ സ്വപ്നം കണ്ടു. കൂടാതെ അന്താരാഷ്ട്ര തുറമുഖ നിർമാണത്തിന് എത്തിക്കുന്ന സാധന സാമഗ്രികൾ മാതൃതുറമുഖം വഴി കടലിലേക്ക് കൊണ്ടുപോകുമെന്നും കരുതിയിരുന്നു.തുറമുഖ വാർഫിൽ നിർമിച്ച ഗോഡൗൺ അദാനി ഗ്രൂപ്പധികൃതർ വാടകയ്ക്കെടുത്തോതോടെ പ്രതീക്ഷകളും ഉയർന്നു. എന്നാൽ വർഷങ്ങൾ കാത്തിരുന്നിട്ടും ഭാരമളക്കാനുള്ള ഒരു വാഹനവും വാർഫിൽ അടുത്തില്ല. ഉണ്ടായിരുന്ന സാധനങ്ങൾ മാറ്റിയ അദാനി ഗ്രൂപ്പ് അടുത്ത കാലത്തായി ഗോഡൗണും ഒഴിഞ്ഞു നൽകി. കടൽക്കാറ്റും ഉപ്പുവെള്ളവും കൊണ്ട് തുരുമ്പിച്ച് ഉപയോഗശൂന്യമായ ബ്രിഡ്ജിനെ ഒടുവിൽ അധികൃതർ ഇളക്കി മാറ്റുകയാണുണ്ടായത്.

നിർത്തലാക്കിയ ക്രൂ ചേഞ്ചിംഗ് തിരിച്ച് വരുമെന്നും ചരക്ക് ഗതാഗതം തുടരാമെന്നുമുള്ള പ്രതീക്ഷയിൽ വേബ്രിഡ്ജ്, സിസിടീവി , ബുംബാരികൾ ഉൾപ്പെടെ ആറ് മാസത്തിനുള്ളിൽ ഒരു കോടിയിൽപ്പരം രൂപയുടെ വികസന പ്രവർത്തനങ്ങൾ വിഴിഞ്ഞം തുറമുഖത്തിൽ പുതിയ വാർഫിൽ ചെയ്തു കഴിഞ്ഞു.

# നൊബേൽ ഫോർ മാത്സ് കാമ്പയിന് ലോക ജനതയുടെ പിന്തുണ ഉണ്ടാകണം : ടി.പി.ശ്രീനിവാസൻ

തിരുവനന്തപുരം: നോബേൽ ഫോർ മാത്!സ് ഇൻറർനാഷണൽ സൈൻ കാമ്പയിന് രാഷ്ട്ര നേതാക്കളുടെ പിന്തുണയും ലോക ജനതയുടെ സഹകരണവും തേടുമെന്നും സൈൻ കാമ്പയിൻ ബ്രാൻഡ് അംബാസഡർ ടി.പി.ശ്രീനിവാസൻ പറഞ്ഞു.

ഗണിതത്തിനു നൊബേൽ ആവശ്യം ഉന്നയിച്ചുകൊണ്ട് കേരളത്തിൽ രൂപീകൃതമായിട്ടുള്ള നൊബേൽ ഫോർ മാത്സ് സൈൻ കാമ്പയിൻറെ വെബ്സൈറ്റ് പ്രകാശനവും ഓൺലൈൻ സൈൻ കാമ്പയിനും തിരുവനന്തപുരം മാർ ഈവാനിയോസ് കോളജിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഉന്നത വിദ്യാഭ്യാസ വകുപ്പിൻറെ പിന്തുണ ലഭിച്ചത് നല്ല കാര്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സ്പീഡ് കാർട്ടൂണിസ്റ്റും നോബേൽ ഫോർ മാത്സ് ഇൻറർനാഷണൽ സൈൻ കാമ്പയിൻ ചെയർമാനും കൂടിയായ ഡോ. ജിതേഷ്ജി അധ്യക്ഷത വഹിച്ച യോഗത്തിൽ കോളജ് പ്രിൻസിപ്പൽ ഡോ.വിൻസി വർഗീസ് സ്വാഗതം പറഞ്ഞു.

കാമ്പയിൻറെ ഇൻറർനാഷണൽ കോഡിനേറ്റർ പദ്ധതി വിശദീകരിച്ചു. ഫാ.ജിജി തോമസ് ഐ എംഎ, കോർഡിനേറ്റർ ഡോ. എസ്.അശോക് കുമാർ, ജോജി തോമസ്, നാഷണൽ കോഡിനേറ്റർ ഡോ.അരുൺ ജി.കുറുപ്പ്, ഡോ.വിൻസൻസ് ഡാനിയൽ, ഡോ. അവിജിത്ത് പിള്ള, ബീഗം ബുഷറ തുടങ്ങിയവർ പ്രസംഗിച്ചു.

# പൗരത്വ നിയമ ഭേദഗതി: യൂത്ത്കോൺഗ്രസ് പ്രതിഷേധ നൈറ്റ് മാർച്ച് നടത്തി

നെടുമങ്ങാട്: പൗരത്വ നിയമ ഭേദഗതി നടപ്പിലാക്കി കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിജ്ഞാപനം ഇറക്കിയതിൽ പ്രതിഷേധിച്ച് ഇന്ത്യൻ യൂത്ത് കോൺഗ്രസ് നെടുമങ്ങാട് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ നൈറ്റ് മാർച്ച് സംഘടിപ്പിച്ചു.

വാളിക്കോട് ജംഗ്ഷനിൽ നിന്ന് ആരംഭിച്ച മാർച്ച് കച്ചേരി ജംഗ്ഷനിൽ സമാപിച്ചു. യൂത്ത് കോൺഗ്രസ് നെടുമങ്ങാട് മണ്ഡലം പ്രസിഡൻറ് ഉണ്ണിക്കുട്ടൻ നേതൃത്വം നൽകി. തുടർന്ന് നടന്ന സമാപന യോഗം ജില്ലാ ജനറൽ സെക്രട്ടറി ശരത് ശൈലേശ്വരൻ ഉദ്ഘാടനം ചെയ്തു.

ജില്ലാ സെക്രട്ടറി നെട്ടയിൽ ഷിനു ബില്ല് കത്തിച്ചു. നിയോജകമണ്ഡലം പ്രസിഡൻറ് താഹിർ നെടുമങ്ങാട്, അഫ്സൽ, മനു, ഉണ്ണികൃഷ്ണൻ, ജെറിൻ ജയൻ, അഭിജിത്ത്, ഷാഹിം, ഫൈസൽ, അബിൻ ഷാ, രഞ്ജിത്ത്, വിധു വിനോദ്.

കോൺഗ്രസ് നേതാക്കളായ നെട്ടിറച്ചിറ ജയൻ, ബ്ലോക്ക് പ്രസിഡൻറ് ടി.അർജുനൻ, മണ്ഡലം പ്രസിഡൻറ് മഹേഷ് ചന്ദ്രൻ, ഹാഷിം റഷീദ്, സജാദ് മന്നൂർക്കോണം, ഷമീർ വാളിക്കോട് തുടങ്ങിയവർ പ്രസംഗിച്ചു.

# തെരഞ്ഞെടുപ്പ് കാലത്ത് വാക്കുകൾ സൂക്ഷിക്കണം'; ഇപിയെ തിരുത്തി പന്ന്യൻ

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരം എൽഡിഎഫും ബിജെപിയും തമ്മിലാണെന്ന എൽഡിഎഫ് കൺവീനർ ഇ.പി. ജയരാജൻറെ പ്രസ്താവനയെ തള്ളി സിപിഐ നേതാവും തിരുവനന്തപുരത്തെ എൽഡിഎഫ് സ്ഥാനാർഥിയുമായ പന്ന്യൻ രവീന്ദ്രൻ.

ഇപിയുടെ പ്രസ്താവന യാഥാർഥ്യവുമായി ബന്ധമില്ലാത്തതാണെന്നും തെരഞ്ഞടുപ്പ് കാലത്ത് സൂക്ഷിച്ച് മാത്രമേ കാര്യങ്ങൾ പറയാവൂ എന്നും പന്ന്യൻ രവീന്ദ്രൻ അഭിപ്രായപ്പെട്ടു. നേരത്തെ മുഖ്യമന്ത്രി പിണറായി വിജയനും സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദനും ഇപിയെ ഈ വിഷയത്തിൽ തള്ളിപ്പറഞ്ഞിരുന്നു.

ബിജെപി സ്ഥാനാർഥികൾ മികച്ചതാണെന്നും കേരളത്തിൽ എൽഡിഎഫും ബിജെപിയും തമ്മിലാണു മത്സരമെന്നുമാണ് നേരത്തെ ജയരാജൻ ആവർത്തിച്ചു പറഞ്ഞിരുന്നത്. മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും തള്ളിപ്പറഞ്ഞതോടെ ജയരാജൻ തിരുത്താനും തയാറായി.

ബിജെപി സ്ഥാനാർഥികൾ മികച്ചതാണെന്നു പറഞ്ഞത് ജാഗ്രത ഉണ്ടാകാൻ വേണ്ടിയാണെന്നും കേരളത്തിൽ എൽഡിഎഫും യുഡിഎഫും തമ്മിലാണു മത്സരമെന്നും കണ്ണൂരിൽ കഴിഞ്ഞ ദിവസം ജയരാജൻ വ്യക്തമാക്കി.

ഇതിനിടെയാണ് പന്ന്യൻറെ പ്രതികരണം. ജയരാജൻ പറയുന്നതെല്ലാം അടുത്തകാലത്ത് വിവാദമായി മാറുന്നുണ്ട്. എൽഡിഎഫ് കൺവീനറായ ജയരാജൻറെ വിവാദപ്രസ്താവനകളിൽ ഘടകക്ഷികൾക്കു പ്രതിഷേധമുണ്ടെങ്കിലും പരസ്യമായി ഒരു നേതാവ് പ്രതികരിക്കുന്നത് ഇതാദ്യമാണ്.

ഹിന്ദി മേഖല വിട്ട് രാഹുൽ ഗാന്ധി വയനാട്ടിൽ മത്സരിക്കുന്നതിനെയും പന്ന്യൻ വിമർശിച്ചു. ദേശീയ നേതാക്കളായ രാഹുലും കെ.സി. വേണുഗോപാലും കേരളത്തിൽ മത്സരിക്കുന്നു. രണ്ടുപേരും മത്സരിക്കുന്നത് ഇടതുപക്ഷത്തിനെതിരെയാണ്. കോൺഗ്രസിന് പക്വതയുള്ള നേതൃത്വമില്ലെന്നും പന്ന്യൻ രവീന്ദ്രൻ പറഞ്ഞു.

രാജ്യത്ത് ബിജെപിയോട് ജനങ്ങൾക്കുണ്ടായ പ്രണയം കുറഞ്ഞുവരികയാണ്. ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് ഒരുപാട് ആശങ്കയുണ്ട്. സിഎഎ അവരെ ബുദ്ധിമുട്ടിച്ചു. പെൻഷൻ കിട്ടാത്തവരുടെ സങ്കടം വലുതാണെന്നും ഇടതുപക്ഷം അത് പരിഹരിച്ച് മുന്നോട്ടുപോകുമെന്നും പന്ന്യൻ പറഞ്ഞു.

തിരുവനന്തപുരത്ത് എയിംസ് കൊണ്ടുവരാൻ പരമാവധി ശ്രമിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ലോക്സഭാ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം മണ്ഡലത്തിൽ 2005ൽ എൽഡിഎഫ് നേടിയ വിജയം ആവർത്തിക്കുമെന്ന് ഇടത് സ്ഥാനാർഥി പന്ന്യൻ രവീന്ദ്രൻ. ഇന്ന് രാവിലെ പ്രചാരണം തുടങ്ങുന്നതിന് മുന്നോടിയായി മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. രാഷ്ട്രീയ കാലാവസ്ഥയുമായി ബന്ധപ്പെട്ടാണ് തലസ്ഥാനത്തെ വിവേകമുള്ള ജനങ്ങൾ വോട്ടു ചെയ്യുന്നത്. മുൻ വർഷത്തെ വോട്ട് നിലയെക്കുറിച്ചുള്ള കണക്കുകൂട്ടലുകളിൽ കാര്യമില്ല. ജനങ്ങൾക്കൊപ്പം നിൽക്കുന്നവരെ ജനങ്ങൾ സഹായിക്കും. താൻ ഏറെ വർഷക്കാലമായി തിരുവനന്തപുരത്തെ ജനങ്ങൾക്കൊപ്പമാണ് പ്രവർത്തിക്കുന്നത്. അവർക്ക് തന്നെ നന്നായി അറിയാമെന്നും ജനങ്ങൾ തന്നെ സഹായിക്കുമെന്ന ആത്മവിശ്വാസമുണ്ടെന്നും പന്ന്യൻ രവീന്ദ്രൻ പറഞ്ഞു.

# വായ്പ തിരിച്ചടച്ചിട്ടും ബാധ്യത ഒഴിവായില്ല; വാഹന ഉടമയ്ക്ക് 1.2 ലക്ഷം നഷ്ടപരിഹാരം

കൊച്ചി: വായ്പ മുഴുവൻ അടച്ചു തീർത്തിട്ടും വാഹനത്തിൻറെ ബാധ്യക ഒഴിവാക്കി രേഖകൾ കൈമാറാതിരുന്ന ധനകാര്യ സ്ഥാപനം ഉടമയ്ക്ക് 1.2 ലക്ഷം നഷ്ടപരിഹാരം നൽകണമെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കോടതി. എറണാകുളം കോതാട് സ്വദേശി കെ.വി. ആൻറണി ഹിന്ദുജ ലൈലാൻഡ് ഫിനാൻസിനെതിരെ സമർപ്പിച്ച പരാതിയിലാണ് കോടതിയുടെ ഉത്തരവ്.

2012 നവംബറിലാണു പരാതിക്കാരൻ എതിർകക്ഷിയിൽ നിന്നും വാഹന വായ്പ എടുത്തത്. 47 ഗഡുക്കളായി തുക തിരിച്ചടക്കുകയും ചെയ്തു. എന്നാൽ തിരിച്ചടവിൽ വീഴ്ചവരുത്തി എന്നാരോപിച്ച് വാഹനത്തിന്റെ ഹൈപ്പോത്തിക്കേഷൻ പിൻവലിക്കാതിരിക്കുകയും സിബിൽ സ്കോർ പ്രതികൂലമായി മാറ്റുകയും ചെയ്തു.

ഗുഡ്സ് വാഹനം ഓടിച്ച് ജീവിക്കുന്ന തനിക്ക് ഇതുമൂലം തൊഴിൽപരമായി ബുദ്ധിമുട്ടുകൾ ഉണ്ടാവുകയും വലിയ സാമ്പത്തിക നഷ്ടം വരികയും ചെയ്തതായി ചൂണ്ടിക്കാട്ടിയാണ് പരാതിക്കാരൻ കോടതിയെ സമീപിച്ചത്. പരാതിക്കാരനും എതിർകക്ഷിയുമായുള്ള കരാറിൽ മധ്യസ്ഥതയ്ക്കു വ്യവസ്ഥയുണ്ട്. അതുപയോഗിക്കാതെ ഉപഭോക്തൃ കോടതിയെ സമീപിച്ചത് നിയമപരമല്ലെന്ന നിലപാടാണ് എതിർകക്ഷി സ്വീകരിച്ചത്.

വായ്പാത്തുക മുഴുവൻ അടച്ചുതീർത്തതിനുശേഷവും വാഹനത്തിന്റെ ഹൈപ്പോത്തിക്കേഷൻ പിൻവലിച്ച് രേഖകൾ നൽകാത്ത എതിർകക്ഷിയുടെ നടപടി സേവനത്തിലെ ന്യൂനതയും അധാർമികമായ വ്യാപാര രീതിയുമാണെന്ന് ഡി.ബി. ബിനു അധ്യക്ഷനും വൈക്കം രാമചന്ദ്രൻ, ടി.എൻ. ശ്രീവിദ്യ എന്നിവ അംഗങ്ങളുമായ എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതി കണ്ടെത്തി.

പരാതിക്കാരൻറെ വാഹനത്തിൻറെ ഹൈപ്പോത്തിക്കേഷൻ പിൻവലിച്ച് മുഴുവൻ രേഖകളും 30 ദിവസത്തിനകം പരാതിക്കാരന് നൽകണം. പരാതിക്കാരനുണ്ടായ കഷ്ടനഷ്ടങ്ങൾക്കും ധനനഷ്ടത്തിനും ഒരു ലക്ഷം രൂപ നഷ്ടപരിഹാരവും 20,000 രൂപ കോടതി ചെലവും നൽകണമെന്നും കോടതി എതിർകക്ഷിക്കു നിർദേശം നൽകി. പരാതിക്കാരനു വേണ്ടി അഡ്വ. രാജേഷ് വിജയേന്ദ്രൻ ഹാജരായി.

# മിഷേലിൻറെ മരണം :ദുരൂഹത ഒഴിയാതെ ഏഴാണ്ട്; സിബിഐ അന്വേഷണ ആവശ്യം ആവർത്തിച്ച് കുടുംബം

കൊച്ചി: സിഎ വിദ്യാർഥിനിയായിരുന്ന പിറവം സ്വദേശിനി മിഷേൽ ഷാജിയുടെ ദുരൂഹമരണത്തിൽ കാരണം കണ്ടെത്താനാകാതെ ഏഴു വർഷം പിന്നിടുമ്പോൾ സിബിഐ അന്വേഷണമെന്ന ആവശ്യം ആവർത്തിച്ച് കുടുംബം. പോലീസ് കണ്ടെത്തിയ ആത്മഹത്യയിലേക്കാണ് ക്രൈംബ്രാഞ്ച് അന്വേഷണവും എത്തുന്നത്. മകളുടെ മരണം കൊലപാതകമാണെന്നും സിബിഐ അന്വേഷണത്തിലൂടെയേ അത് കണ്ടെത്താനാവൂ എന്നും കൊച്ചിയിൽ പത്രസമ്മേളനത്തിൽ പിതാവ് ഷാജി വർഗീസ് പറഞ്ഞു.

ഇക്കാര്യം ഉന്നയിച്ച് മുഖ്യമന്ത്രി പിണറായി വിജയനെ നേരിൽ കണ്ട് നിവേദനം കൈമാറിയതാണ്. അന്ന് അനുകൂലമായി പ്രതികരിച്ച മുഖ്യമന്ത്രി പക്ഷെ ഒരു നടപടിയും സ്വീകരിച്ചില്ല. സംഭവം നടന്ന ദിവസത്തെ സിസിടിവി ദൃശ്യങ്ങളും സാഹചര്യതെളിവുകളും ശരീരത്തിലെ അസാധാരണ മുറിവുകളും പ്രാഥമികമായി പരിശോധിച്ചാൽ തന്നെ കൊലപാതകമാണെന്ന് ഉറപ്പിക്കാം. എന്നിട്ടും അന്ന് കേസ് അന്വേഷിച്ച സെൻട്രൽ സിഐ എ.അനന്തലാൽ ഇക്കാര്യങ്ങളൊന്നും പരിഗണിച്ചില്ല.

കുറ്റകരമായ അലംഭാവത്തോടെയാണ് പോലീസ് സംഭവത്തെ കണ്ടത്. പരാതി നൽകിയിട്ടും ഒരു ദിവസം കഴിഞ്ഞാണ് കേസെടുക്കാൻ തയാറായത്. പോസ്റ്റ്മോർട്ടം ജനറൽ ആശുപത്രിയിൽ നിന്ന് കളമശേരി മെഡിക്കൽ കോളജിലേക്ക് മാറ്റിയതിലും ദുരൂഹതയുണ്ട്. ശരീരത്തിൽ ആക്രമിക്കപ്പെട്ടതിൻറെ മുറിവുകൾ ഉണ്ടായിട്ടും ആത്മഹത്യയെന്ന നിലയിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട് തയാറാക്കിയത് ബാഹ്യസമ്മർദങ്ങൾ കൊണ്ടാണ്.

ഒരു സിനിമാനടൻറെ മകന് കൊലപാതകത്തിൽ പങ്കുണ്ടെന്ന് സംശയിക്കുന്നതായും അദ്ദേഹം ആരോപിച്ചു. കുടുംബത്തിൻറെ ആവശ്യം നിയമസഭയിൽ പലകുറി ഉന്നയിച്ചിട്ടും മുഖ്യമന്ത്രിയുടെ ഭാഗത്തു നിന്ന് അനുകൂലമായ ഒരു നടപടിയും ഉണ്ടായിട്ടില്ലെന്ന് അനൂപ് ജേക്കബ് എംഎൽഎ പറഞ്ഞു.

2017 മാർച്ച് അഞ്ചിനാണ് മിഷേലിനെ കാണാതായത്. പിറ്റേന്ന് മൃതദേഹം കൊച്ചി കായലിൽ പോലീസ് കണ്ടെത്തുകയായിരുന്നു. അഞ്ചിന് വൈകുന്നേരം കച്ചേരിപ്പടി സെൻറ് തെരേസാസ് ഹോസ്റ്റലിൽനിന്ന് കലൂർ സെൻറ് ആൻറണീസ് പള്ളിയിലേക്കു പോയ മിഷേൽ 6.15ന് പള്ളിയിൽ നിന്നു തിരിച്ചിറങ്ങിയെന്നും രാത്രി എട്ടിന് എറണാകുളത്തിനും വൈപ്പിനുമിടയിലുള്ള രണ്ടാമത്തെ ഗോശ്രീ പാലത്തിൽ നിന്നു കായലിൽ ചാടി ആത്മഹത്യ ചെയ്തുവെന്നുമാണ് പോലീസ് കണ്ടെത്തിയത്.

കലൂർ പള്ളിയിൽ നിന്ന് ഇറങ്ങി നടക്കുന്ന മിഷേലിനെ ബൈക്ക് യാത്രികർ പിന്തുടരുന്നതിൻറെ സിസിടിവി ദൃശ്യങ്ങൾ ലഭിച്ചിരുന്നു. എന്നാൽ ഈ ബൈക്ക് സംബന്ധിച്ച് അന്വേഷണം ഉണ്ടായില്ല. മിഷേലിൻറെ മൂക്കിനിരുവശത്തും കണ്ട പാടുകളും കൈത്തണ്ടയിൽ കണ്ട കരിനീല പാടുകളും ചുണ്ടിലെ മുറിപ്പാടുമൊക്കെ പാലത്തിൽ നിന്ന് കായലിലേക്ക് വീണപ്പോൾ ഉണ്ടായതാകാമെന്ന വിചിത്രമായ വിശദീകരണമായിരുന്നു അന്ന് പോലീസിന്.

# വ്യാജ സർട്ടിഫിക്കറ്റ്: അഭിഭാഷകന്റെ എൻറോൾമെന്റ് റദ്ദാക്കി

കൊച്ചി: വ്യാജ എൽഎൽബി സർട്ടിഫിക്കറ്റ് ഹാജരാക്കി അഭിഭാഷകനായി എൻറോൾ ചെയ്ത് പത്ത് വർഷം കോടതിയെ കബളിപ്പിച്ച ആൾക്കെതിരെ ബാർ കൗൺസിൽ നടപടി എടുത്തു. കേരളാ ഹൈക്കോടതി അഭിഭാഷകൻ തിരുവനന്തപുരം വഞ്ചിയൂർ സ്വദേശി മനു ജി രാജിനെതിരെയാണ് നടപടി എടുത്തിരിക്കുന്നത്. ശിക്ഷാ നടപടികളുടെ ഭാഗമായി പ്രതിയുടെ എൻറോൾമെന്റ് ബാർ കൗൺസിൽ റദ്ദാക്കി.

പ്രതിയ്ക്കെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് ബാർ കൗൺസിൽ അറിയിച്ചു. വ്യാജ സർട്ടിഫിക്കറ്റുകളുണ്ടാക്കിയതിന് മനു ജി രാജിനെതിരെ എറണാകുളം സെൻട്രൽ പൊലീസ് കേസ് എടുത്തിട്ടുണ്ട്. ബിഹാർ മഗധ് യൂണിവേഴ്സിറ്റിയുടെ പേരിലാണ് മനു വ്യാജ സർട്ടിഫിക്കറ്റുണ്ടാക്കിയത്. 2013ലാണ് വ്യാജ രേഖ നൽകി എൻറോൾ ചെയ്തത്. രേഖകൾ വ്യാജമാണെന്നും നടന്നത് തട്ടിപ്പാണെന്നും കാണിച്ച് മാറാനെല്ലൂർ സ്വദേശി സച്ചിൻ നൽകിയ പരാതിയിലാണ് ബാർ കൗൺസിൽ നടപടി. ഇതേ പരാതിയിൽ തന്നെയാണ് കേസും രജിസ്ട്രർ ചെയ്തിരിക്കുന്നത്. പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ മനു ജി രാജൻ ബിരുദം നേടിയിട്ടില്ലെന്ന് സർവ്വകലാശാല അറിയിച്ചു. ഇതോടെയാണ് എൻറോൾമെന്റ് ബാർ കൗൺസിൽ റദ്ദാക്കിയത്.

2009 ൽ ബിഹാറിലെ മഗധ് യൂണിവേഴ്സിറ്റിയിൽ നിന്ന് എൽ എൽ ബി ബിരുദം നേടിയെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാണ് തിരുവനന്തപുരം വഞ്ചിയൂർ സ്വദേശിയായ മനു ജി രാജൻ ഹൈക്കോടതിയിൽ അഭിഭാഷകനായി എൻറോൾ ചെയ്തത്.

പത്ത് വർഷം വിവിധ കോടതികളിയായി 53 വക്കാലത്തുകൾ മനു ജി രാജന്റെ പേരിലിട്ടിട്ടുണ്ട്. 2019ൽ ഒരു ഭൂമി കേസിൽ മാറനെല്ലൂർ സ്വദേശി സച്ചിൻ നൽകിയ വക്കാലത്തിനെ തുടർന്നാണ്ടായ നടപടികളാണ് വ്യാജ ബിരുദത്തിന്മേലുള്ള സത്യാവസ്ഥ പുറതെത്തിച്ചത്. ഭൂമി കേസിൽ വക്കാലത്ത് ഏറ്റെടുത്ത മനു ഒന്നര ക്കൊല്ലം കോടതിയിൽ ഹാജരായില്ല. തിരുവനന്തപുരം മുൻസിഫ് കോടതിയിലായിരുന്നു കേസ് നടത്തേണ്ടത്. അഭിഭാഷകൻ കേസിൽ നിന്ന് മാറി നിൽക്കുന്നതിനെ പറ്റി അന്വേഷിച്ചപ്പോഴാണ് തിരുവനന്തപുരം ലോ കോളേജിൽ പഠിച്ചിരുന്നതായും പരീക്ഷയിൽ തോറ്റതായും കണ്ടെത്തിയത്. പരീക്ഷയിൽ തോറ്റതിനാൽ തിരുവനന്തപുരത്തെ കോടതിയിൽ ഹാജരായാൽ മറ്റുള്ളവർ തിരിച്ചറിയുമെന്നുള്ളത് കൊണ്ടാണ് ഒളിച്ച് കളിച്ചത്. പിന്നാലെ നടത്തിയ അന്വേഷണമാണ് തട്ടിപ്പ് പുറത്തുകൊണ്ടുവന്നത്.

# വൻശക്തിപ്രകടനവുമായി പ്രചാരണം; ആവേശത്തിൽ ഇന്ത്യാസഖ്യം



മുംബൈ : ലോക്സഭാ തിരഞ്ഞെടുപ്പിനു കാഹളം ഉയർന്നതിന്റെ പിറ്റേന്നു തന്നെ വൻശക്തിപ്രകടനവുമായി പ്രചാരണം തുടങ്ങാനായതിന്റെ ആവേശത്തിലാണ് ഇന്ത്യാസഖ്യം. മമത ബാനർജിയും സിപിഎം, സിപിഐ നേതാക്കളും ഒഴികെ പ്രബലരായ മിക്ക നേതാക്കളും കൈകോർത്തിരിക്കെ, ബിജെപിക്കെതിരെ ശക്തമായ മത്സരം കാഴ്ചവയ്ക്കാൻ കഴിയുമെന്ന ആത്മവിശ്വാസത്തിലാണ് മുന്നണി. രാഹുൽ ഗാന്ധി രണ്ടാം ജോഡോ യാത്ര പൂർത്തിയാക്കിയതും തിരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നതും ഒരുമിച്ചാണ്. രാഹുലിന് ഇനി പ്രചാരണത്തിൽ മുഴുകാം.

15 സംസ്ഥാനങ്ങളിലെ നൂറോളം ലോക്സഭാ മണ്ഡലങ്ങൾ രണ്ടാം യാത്രയിൽ രാഹുൽ പിന്നിട്ടു. ബിജെപിയും കോൺഗ്രസും നേർക്കുനേർ പോരാടുന്ന മണ്ഡലങ്ങളാണ് ഇവയിലേറെയും. ബിജെപിയുടെ ശക്തികേന്ദ്രമായ ഹിന്ദി ഹൃദയഭൂമി പിന്നിട്ടു മുന്നണി പ്രതീക്ഷയർപ്പിക്കുന്ന മഹാരാഷ്ട്രയുടെ മണ്ണിൽ യാത്ര അവസാനിപ്പിക്കാനായതും നേട്ടമായി വിലയിരുത്തുന്നു.

ഗോത്രവിഭാഗങ്ങൾ, സ്ത്രീകൾ, കർഷകർ എന്നിങ്ങനെ സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവർക്ക് വെവ്വേറെ ക്ഷേമപദ്ധതികൾ യാത്രയുടെ പല ഘട്ടങ്ങളിൽ രാഹുൽ പ്രഖ്യാപിച്ചു. എന്നാൽ, ഇതെല്ലാം വോട്ടായി മാറുമോയെന്ന ചോദ്യം അവശേഷിക്കുന്നു. ദുർബലമായ സംഘടനാ സംവിധാനവും പ്രമുഖ നേതാക്കൾ പാർട്ടി വിടുന്നതും വെല്ലുവിളിയായി തുടരുന്നു. വയനാട്ടിൽ വീണ്ടും മത്സരിക്കുന്ന രാഹുൽ വൈകാതെ മണ്ഡലത്തിൽ എത്തും. അമേഠിയുടെ കാര്യത്തിലും തീരുമാനം ഉടനുണ്ടാകും.

കോൺഗ്രസ് മുന്നണി പ്രതീക്ഷ വയ്ക്കുന്ന മഹാരാഷ്ട്രയിലും ബിഹാറിലും സീറ്റ് വിഭജനം ഇനിയും പൂർത്തിയാക്കാനായിട്ടില്ല. ഉദ്ധവ് പക്ഷവും കോൺഗ്രസും തമ്മിൽ ഏതാനും സീറ്റുകളിൽ തർക്കം നിലനിൽക്കുന്നു. ദലിത് നേതാവായ പ്രകാശ് അംബേദ്കറെ മുന്നണിയുടെ ഭാഗമാക്കാൻ നടത്തുന്ന ശ്രമങ്ങളും തുടരുകയാണ്. കഴിഞ്ഞ തവണ കോൺഗ്രസ് എൻസിപി സഖ്യം 7 സീറ്റുകളിൽ പരാജയപ്പെടാൻ കാരണം അംബേദ്കർ ഉവൈസി (ദലിത് ന്യൂനപക്ഷ) സഖ്യമാണ്. ഇത്തവണ ഇരുവരും രണ്ടു വഴിക്കാണ്. പ്രകാശ് അംബേദ്കറെ ഒപ്പം കൂട്ടി ദലിത് വോട്ടുകൾ ഭിന്നിക്കുന്നതു തടയാനുള്ള അവസാനവട്ട ശ്രമത്തിലാണ് കോൺഗ്രസ് സഖ്യം.

ഇന്ത്യ മുന്നണിയിൽ ചേരാൻ മടിച്ചുനിന്ന വഞ്ചിത് ബഹുജൻ അഘാഡി നേതാവ് പ്രകാശ് അംബേദ്കർ രാഹുലിനൊപ്പം വേദിയിലെത്തിയത് മഹാരാഷ്ട്രയിൽ കോൺഗ്രസ് സഖ്യത്തിനു നേട്ടമായി. സമാജ്‌വാദി പാർട്ടി നേതാവും യുപി മുൻ മുഖ്യമന്ത്രിയുമായ അഖിലേഷ് യാദവിന് പനിമൂലം പങ്കെടുക്കാനായില്ലെന്ന് ഇന്ത്യ മുന്നണി നേതാക്കൾ അറിയിച്ചു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, പ്രിയങ്ക ഗാന്ധി, എൻസിപി സ്ഥാപകൻ ശരദ് പവാർ, ശിവസേന അധ്യക്ഷൻ ഉദ്ധവ് താക്കറെ, തമിഴ്നാട് മുഖ്യമന്ത്രിയും ഡിഎംകെ നേതാവുമായ എം.കെ. സ്റ്റാലിൻ, ജാർഖണ്ഡ് മുഖ്യമന്ത്രിയും ജെഎംഎം നേതാവുമായ ചംപായ് സോറൻ, കോൺഗ്രസ് സംഘടനാ കാര്യ ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ, മഹാരാഷ്ട്രയുടെ ചുമതലയുള്ള കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല, ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാളിന്റെ പ്രതിനിധിയായി മന്ത്രി സൗരഭ് ഭരദ്വാജ്, സിപിഐ (എംഎൽ) ജനറൽ സെക്രട്ടറി ദീപാങ്കർ ഭട്ടാചാര്യ, ജമ്മു കശ്മീർ മുൻ മുഖ്യമന്ത്രിയും നാഷനൽ കോൺഫറൻസ് പ്രസിഡന്റുമായ ഫാറൂഖ് അബ്ദുല്ല, മുൻ മുഖ്യമന്ത്രിയും പിഡിപി നേതാവുമായ മെഹബൂബ മുഫ്തി, മുസ്‌ലിം ലീഗ് അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ, ഗാന്ധിജിയുടെ പ്രപൗത്രൻ തുഷാർ ഗാന്ധി, തിരഞ്ഞെടുപ്പു വിശകലന വിദഗ്ധൻ യോഗേന്ദ്ര യാദവ് തുടങ്ങിയവരും പങ്കെടുത്തു.

# ജലയാത്രകൾ സുരക്ഷിതമാക്കാൻ പ്രത്യേക മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചു

മലപ്പുറം: ജില്ലയിലെ ജലയാത്രകൾ സുരക്ഷിതമാക്കാൻ പ്രത്യേക മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ച് ജില്ലാ ഭരണകൂടം. സുരക്ഷിതമല്ലാത്ത യാത്രായാനങ്ങളും അശ്രദ്ധയും മൂലവുമാണ് ബോട്ട് അപകടങ്ങൾ കൂടുതലും സംഭവിക്കുന്നതെന്നും മനുഷ്യനിർമിതമായ ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ മുൻകരുതൽ നടപടികൾ കൈക്കൊള്ളാനാണ് ജില്ലാ ഭരണകൂടം തീരുമാനിച്ചിട്ടുള്ളതെന്നും ജില്ലാ ദുരന്തനിവാരണ അഥോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ വി.ആർ. വിനോദ് അറിയിച്ചു. ബോട്ട് അപകടങ്ങൾ ഒഴിവാക്കാനും സുരക്ഷിതമായ ജലയാത്ര ഉറപ്പുവരുത്താനുമായി പ്രത്യേക മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചും ബോട്ട് സുരക്ഷാ പരിശോധനക്കായി കമ്മിറ്റി രൂപീകരിച്ചും കളക്ടർ ഉത്തരവിട്ടു.

ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല ഉപദേശക സമിതിയിൽ ജില്ലാ പോലീസ് മേധാവി, ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ, ജില്ലാ ഫയർ ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻറ് ഡയരക്ടർ, ഡിടിപിസി സെക്രട്ടറി എന്നിവർ അംഗങ്ങളാണ്.

കൂടാതെ സുരക്ഷിത ജലയാത്രയ്ക്കായി ആറംഗ ബോട്ട് സുരക്ഷാ പ്രാദേശിക പരിശോധനാ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.തഹസിൽദാർ/ഡെപ്യൂട്ടി തഹസിൽദാർ (ദുരന്തനിവാരണ വിഭാഗം), സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി, ബന്ധപ്പെട്ട എസ്എച്ച്ഒ, അഗ്നി രക്ഷാസേന സ്റ്റേഷൻ ഓഫീസർ, പോർട്ട് കൺസർവേറ്റർ, പൊന്നാനി/പോർട്ട് കൺസർവേറ്റർ ചുമതലപ്പെടുത്തുന്ന വ്യക്തി, ഡിടിപിസി സെക്രട്ടറി നിർദേശിക്കുന്ന ഉദ്യോഗസ്ഥൻ എന്നിവരാണ് പ്രാദേശിക സുരക്ഷാ പരിശോധനാ കമ്മിറ്റിയിലെ അംഗങ്ങൾ.

**ബോട്ട് ഉടമസ്ഥർ പാലിക്കേണ്ട നിർദേശങ്ങൾ**

രജിസ്ട്രേഷൻവാർഷിക സർവേ സർട്ടിഫിക്കറ്റ് എന്നിവയുള്ള ബോട്ടുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഇവയുടെ കാലാവധി അവസാനിച്ചാൽ ബോട്ട് പ്രവർത്തിപ്പിക്കാൻ പാടില്ല, സർവേ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ബോട്ടിൽ പ്രദർശിപ്പിക്കണം, സർവേ സർട്ടിഫിക്കറ്റിലുള്ള മുഴുവൻ അഗ്നിശമന ഉപകരണങ്ങളും ബോട്ടിലുണ്ടെന്ന് ഉറപ്പാക്കണം, വിനോദ സഞ്ചാരത്തിനായി ഉപയോഗിക്കുന്ന ബോട്ടുകൾ സൂര്യാസ്തമയത്തിനു ശേഷം പ്രവർത്തിപ്പിക്കരുത്.

പേഴ്സണൽ തേർഡ് പാർട്ടി ഇൻഷറൻസ് കാലാവധി അവസാനിച്ചാൽ ബോട്ട് പ്രവർത്തിപ്പിക്കരുത്,കാലാവസ്ഥ പ്രതികൂലമായാൽ ബോട്ട് പ്രവർത്തിപ്പിക്കരുത്, യാത്രക്കാർക്ക് സുരക്ഷാസംബന്ധമായ ബോധവത്കരണം നടത്തണം, എല്ലാ യാത്രക്കാർക്കും ലൈഫ് ജാക്കറ്റ് നൽകുകയും അവ ധരിക്കുന്നുവെന്ന് ഉറപ്പാക്കുകയും വേണം.

അപ്പർ ഡെക്ക് അനുമതി ലഭിച്ച ബോട്ടുകളിൽ മുകളിലത്തെ നിലയിൽ അനുവദിനീയമായ യാത്രക്കാരെ മാത്രമേ കയറ്റുവാൻ അനുവദിക്കാവൂ. ബോട്ടിൽ കൂടുതൽ ആൾക്കാരെ കയറ്ററുത്. ജീവൻരക്ഷാ ഉപകരണങ്ങൾ ബോട്ടിൽ സൂക്ഷിക്കണം. ഇവ പ്രവർത്തനക്ഷമതയുള്ളതും കാലാവധി തീരാത്തതുമാണെന്ന് ഉറപ്പാക്കണം. ബോട്ടിന് രൂപമാറ്റം വരുത്താൻ പാടില്ല.

**യാത്രക്കാർ പാലിക്കേണ്ട നിർദേശങ്ങൾ**

ബോട്ടിൽ രജിസ്ട്രേഷൻ സർവേ സർട്ടിഫിക്കറ്റുകൾ എന്നിവ പ്രദർശിപ്പിച്ചിട്ടുണ്ടെന്നു ഉറപ്പുവരുത്തണം ജീവനക്കാർ നൽകുന്ന നിർദേശങ്ങൾ പാലിക്കണം, യാത്രക്കാർക്ക് പ്രവേശനാനുമതിയുള്ള സ്ഥലങ്ങളിൽ മാത്രം പ്രവേശിക്കുക, അപ്പർ ഡെക്കറുള്ള ബോട്ടുകളിൽ ബോട്ടിലെ ജീവനക്കാരുടെ നിർദേശം അനുസരിച്ച് മാത്രമേ അപ്പർ ഡെക്കിൽ പ്രവേശിക്കാവൂ.

അപകട സാധ്യത ഉണ്ടെന്ന് മനസിലാക്കുന്ന സാഹചര്യത്തിൽ പരിഭ്രാന്തരാവുകയും ബോട്ടിൻറെ ഒരു വശത്തേക്ക് നീങ്ങുകയോ ചെയ്യാതെ ബോട്ടിലെ ജീവനക്കാർ നൽകുന്ന നിർദേശങ്ങൾ പാലിക്കുക. ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കേണ്ടത് എങ്ങനെയെന്ന് മനസിലാക്കുകയും ലൈഫ് ജാക്കറ്റ് ധരിക്കുകയും ചെയ്യുക തുടങ്ങിയ നിർദേശങ്ങൾ പാലിക്കണം. കൂടാതെ അടിയന്തര സാഹചര്യം നേരിടുന്നതിനായി എല്ലാ ബോട്ട് ഓപ്പറേറ്ററുമാരുടെയും കൈവശവും ആശയവിനിമയ സംവിധാനങ്ങൾ ഉണ്ടാകണം. മൊബൈൽ ഫോണുകൾക്ക് റേഞ്ച് ലഭ്യമാകാത്ത സ്ഥലങ്ങളിലെ ബോട്ട് യാത്രകൾക്ക് നിർബന്ധമായും വിഎച്ച്എഫ് ഉപകരണം ബോട്ട് ഓപ്പറേറ്റർമാർ കരുതണം. അപകട സമയത്ത് ബന്ധപ്പെടേണ്ട ഓഫീസർമാരുടെയും മറ്റ് നമ്പറുകൾ ബോട്ടിൽ പ്രദർശിപ്പിക്കണം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



## പട്ടം എസ് യു ടി ആശുപത്രി വനിതാ ജയിലിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

തിരുവനന്തപുരം: ലോക വനിതാ ദിനത്തോടനുബന്ധിച്ച് എസ് യു ടി ആശുപത്രിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം റോട്ടറി ക്ലബ്ബുമായി ചേർന്ന് അട്ടക്കുളങ്ങര വനിതാ ജയിലിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ആശുപത്രിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജനറൽ മെഡിസിൻ, ഡർമറ്റോളജി, ഓഫ്താൽമോളജി എന്നീ വിഭാഗങ്ങൾ ഉൾപ്പെടുത്തിയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. റോട്ടറി ക്ലബ് പ്രസിഡന്റ് ശ്രീകുമാർ ആർ ആശംസകൾ അർപ്പിച്ച ചടങ്ങിൽ ജയിൽ സൂപ്രണ്ട് മിനിമോൾ പി എസ്, വെൽഫെയർ ഓഫീസർ രേഖ കെ നായർ, ഉൾപ്പെടെ നൂറോളം പേർ പങ്കെടുത്തു.

## വിട പറഞ്ഞെത്തിയ മധുര ശബ്ദം

ത്രത്തിൽ ആലപിച്ചത്. ആ വർഷത്തെ മികച്ച പിന്നണി ഗായികക്കുള്ള ഫിലിം ഫെയർ അവാർഡും നവാഗത ഗായികക്കുള്ള അവാർഡും ശ്രേയക്ക് ലഭിച്ചു. ബേരി പിയാ എന്ന ഗാനത്തിന് ദേശീയ പുരസ്കാരവും ലഭിച്ചു. ദേവദാസിന് ശേഷം അവസരങ്ങളുടെ ഘോഷയാത്രയായിരുന്നു ശ്രേയാ ഘോഷാൽ എന്ന ഗായികക്കു പുറകെ. എ.ആർ റഹ്മാൻ, അനുമാലിക്, ഹിമേഷ് റഷ്മാനിയ, മണി ശർമ, നദിം ശ്രവൺ, ഇളയ രാജ, യുവൻ ശങ്കർ രാജ എന്നിവരുടെ സംഗിതത്തിൽ ശ്രേയ നിരവധി ഹിറ്റു ഗാനങ്ങൾ ആലപിച്ചു. ബോളിവുഡിലെ ഏറ്റവും തിരക്കുള്ള ഗായികയെന്ന പദവിയും ഒട്ടും വൈകാതെ തന്നെ ശ്രേയയെ തേടിയെത്തി.

വൈകാതെ തന്നെ ശ്രേയയുടെ ശബ്ദം മറ്റ് ഭാഷകളിലും മുഴങ്ങിത്തുടങ്ങി. 2007ൽ ബിഗ് ബി എന്ന ചിത്രത്തിൽ അൽഫോൺസ് ജോസഫ് സംഗീതം നൽകിയ 'വിട പറയുകയാണോ..' എന്ന ഗാനം ആലപിച്ചാണ് ശ്രേയ മലയാളത്തിൽ എത്തുന്നത്. അത് പാടിയത് മലയാളിയല്ല എന്ന് വിശ്വസിക്കാൻ പ്രയാസം നൽകുന്ന അത്രേം മികവോടെയാണ് ശ്രേയ മലയാളം ഉച്ഛരിച്ചത്. ആ മലയാളിത്തം ശ്രേയയ്ക്ക് ഒരുപാട് അവസരങ്ങളും ആരാധകരെയും മലയാളത്തിൽ നൽകി. 2009ൽ ബനാറസ് എന്ന ചിത്രത്തിലെ ഗാനങ്ങളിലൂടെ ആദ്യ കേരള സംസ്ഥാന പുരസ്ക്കാരം. തുടർന്ന് വീരപുത്രൻ, രതിനിർവേദം (2011), ഹൌ ഓൾഡ് ആർ യു (2014), ആമി (2018) എന്നീ ചിത്രങ്ങളിലൂടെ മൂന്നു തവണ കൂടി പുരസ്കാര നേട്ടം ആവർത്തിച്ചു. 2002, 2005, 2007, 2008 വർഷങ്ങളിലായി നാല് തവണയാണ് ശ്രേയയെ തേടി ദേശീയ പുരസ്കാരം എത്തിയത്. മലയാളത്തിന് പുറമേ വിവിധ ഭാഷകളിൽ സംസ്ഥാന പുരസ്കാരങ്ങൾ നേടിയിട്ടുണ്ട് ശ്രേയ.

ശൈലാദിത്യ മുഖോപാധ്യായയാണ് ശ്രേയയുടെ ഭർത്താവ്. 2021 മേയ് 22ന് ഒരു ആണ്കുട്ടിയ്ക്ക് ജന്മം നൽകി ശ്രേയ.

## മംഗളുരു രാമേശ്വരം റൂട്ടിൽ കേരളം വഴി പുതിയ ട്രെയിൻ

കൊല്ലം: കേരളം വഴി കടന്നുപോകുന്ന ഒരു പ്രതിവാര എക്സ്പ്രസ് ട്രെയിൻ കൂടി സർവീസ് ആരംഭിക്കാൻ റെയിൽവേ ബോർഡ് അനുമതി നൽകി. മംഗളൂരുരാമേശ്വരംമംഗളൂരു റൂട്ടിലാണ് പുതിയ സർവീസ്. ശനി, ഞായർ ദിവസങ്ങളിലാണ് ഇവ ഓടുക. 16622 മംഗളൂരൂരാമേശ്വരം സർവീസ് ശനി രാത്രി 7.30 ന് മംഗളുരുവിൽനിന്ന് പുറപ്പെട്ട് ഞായർ രാവിലെ 11.45 ന് രാമേശ്വരത്ത് എത്തും. 16621 രാമേശ്വരംമംഗളുരൂ എക്സ്പ്രസ് ഞായർ ഉച്ചകഴിഞ്ഞ് രണ്ടിന് രണ്ടിന് രാമേശ്വരത്ത് നിന്ന് പുറപ്പെട്ട് തിങ്കൾ രാവിലെ 5.50 ന് മംഗളൂരുവിൽ എത്തും.

കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, ഷൊർണൂർ, പാലക്കാട് എന്നിവയാണ് കേരളത്തിലെ സ്റ്റോപ്പുകൾ. 22 കോച്ചുകൾ ഉണ്ടാകും. അറ്റകുറ്റപ്പണികൾ മംഗളുരുവിലാണ് നടക്കുക.

ഏറ്റവും അനുയോജ്യമായ ദിവസം മുതൽ സർവീസ് ആരംഭിക്കാനാണ് റെയിൽവേ ബോർഡ് നൽകിയിട്ടുള്ള നിർദേശം. പാർലമെൻറ് തെരഞ്ഞെടുപ്പ് പ്രഖ്യാപനം വരുന്നതിന് മുമ്പ് തന്നെ അനുമതി നൽകിയതിനാൽ സർവീസ് ആരംഭിക്കാൻ സാങ്കേതിക തടസങ്ങൾ ഒന്നുമില്ല. ഇതുകൂടാതെ മേട്ടുപ്പാളയംതുത്തുക്കുടിമേട്ടുപ്പാളയം റൂട്ടിൽ ദ്വൈവാര എക്സ്പ്രസ് (16766/16765) ട്രെയിൻ ആരംഭിക്കാനും റെയിൽവേ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. രണ്ട് ട്രെയിനുകളും ഒരേ ദിവസം സർവീസ് ആരംഭിക്കുമെന്നാണ് സൂചന.

റെയിൽവേയുടെ ഔദ്യോഗിക ആപ്പ് ആയ നാഷണൽ ട്രെയിൻ എൻക്വയറി സിസ്റ്റത്തിൽ രണ്ട് വണ്ടികളുടെയും യാത്ര സംബന്ധിച്ച വിശദാംശങ്ങൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ ഉൾപ്പെടുത്തുമെന്നാണ് ദക്ഷിണ റെയിൽവേ അധികൃതർ സൂചിപ്പിക്കുന്നത്.

# തിരഞ്ഞെടുപ്പ് ബോണ്ട് വ്യാഴാഴ്ച വരെ സമയം; എല്ലാം വെളിപ്പെടുത്തണം സുപ്രീം കോടതി

ന്യൂഡൽഹി: തിരഞ്ഞെടുപ്പ് ബോണ്ടുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും വ്യാഴാഴ്ച(മാർച്ച് 21)യ്ക്കുള്ളിൽ വെളിപ്പെടുത്തണമെന്ന് സുപ്രീം കോടതിയുടെ നിർദേശം. ഇതുമായി ബന്ധപ്പെട്ട സത്യവാങ്മൂലം മാർച്ച് 21ന് വൈകിട്ട് അഞ്ചുമണിക്ക് മുൻപായി ഫയൽ ചെയ്യണമെന്നാണ് സുപ്രീം കോടതി എസ്.ബി.ഐ. ചെയർമാന് നിർദേശം നൽകിയത്. എസ്.ബി.ഐ.യിൽ നിന്ന് വിവരങ്ങൾ ലഭിക്കുന്നതനുസരിച്ച് ഇതെല്ലാം വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷനോടും കോടതി ആവശ്യപ്പെട്ടു.



ഓരോ ബോണ്ടിന്റെയും 'സീരിയൽ നമ്പർ' അടക്കമുള്ള വിവരങ്ങൾ വെളിപ്പെടുത്തണമെന്നാണ് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ച് നിർദേശം നൽകിയിരിക്കുന്നത്. നേരത്തെ എസ്.ബി.ഐ. കൈമാറിയ വിവരങ്ങൾ പൂർണമല്ലെന്ന് ആരോപിച്ചുള്ള ഹർജി പരിഗണിക്കവേയാണ് കോടതി ഇക്കാര്യം ആവശ്യപ്പെട്ടത്. തിരഞ്ഞെടുപ്പ് ബോണ്ടുമായി ബന്ധപ്പെട്ട് ബാങ്കിന്റെ കൈവശമുള്ള എല്ലാവിവരങ്ങളും പുറത്തുവിടണമെന്നാണ് തങ്ങളുടെ ആവശ്യമെന്നും കോടതി പറഞ്ഞു.

ഏതൊക്കെ വിവരങ്ങളാണ് വെളിപ്പെടുത്തേണ്ടത് അത് വെളിപ്പെടുത്താമെന്നാണ് എസ്.ബി.ഐയുടെ നിലപാട്. എന്നാൽ, ഇത് ഒരിക്കലും ഉചിതമായി തോന്നുന്നില്ല. എല്ലാ വിവരങ്ങളും വെളിപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടാൽ അത് എല്ലാ വിവരങ്ങളുമാണ്. ഇതുസംബന്ധിച്ച എല്ലാ വിവരങ്ങളും പുറത്തുവരേണ്ടതുണ്ടെന്നും ചീഫ് ജസ്റ്റിസ് വ്യക്തമാക്കി.

തിരഞ്ഞെടുപ്പ് ബോണ്ടുമായി ബന്ധപ്പെട്ട് നേരത്തെ എസ്.ബി.ഐ. പുറത്തുവിട്ട വിവരങ്ങൾ പൂർണമല്ലെന്ന് കാാണിച്ച് സുപ്രീം കോടതി നോട്ടീസ് അയച്ചിരുന്നു. ആരെല്ലാം ഏതൊക്കെ രാഷ്ട്രീയ പാർട്ടികൾക്കാണ് ബോണ്ട് നൽകിയതെന്ന് വ്യക്തമാക്കുന്ന പ്രത്യേക നമ്പറുകൾ ഉൾപ്പെടെ വെളിപ്പെടുത്തണമെന്നായിരുന്നു ആവശ്യം. ഇതുസംബന്ധിച്ചാണ് സുപ്രീംകോടതി തിങ്കളാഴ്ച വ്യക്തത വരുത്തിയത്.

## ഡൽഹി മദ്യനയ അഴിമതി കേസ്; കുരുക്ക് മുറുക്കി ഇഡി

ന്യൂഡൽഹി: ഡൽഹി മദ്യനയ അഴിമതിക്കേസിൽ അറസ്റ്റിലായ ബിആർഎസ് നേതാവ് കെ.കവിതയ്ക്ക് എതിരെ ഗുരുതര ആരോപണവുമായി എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ്.

അരവിന്ദ് കേജരിവാളുമായും ആംആദ്!മി പാർട്ടി നേതാവ് മനീഷ് സിസോദിയയുമായും കവിത ഗൂ!ഢാലോചന നടത്തിയെന്നും പകരമായി നേതാക്കൾക്ക് 100 കോടിരൂപ കൈമാറിയെന്നും ഇഡി വെളിപ്പെടുത്തി. ചോദ്യം ചെയ്യലിനു പിന്നാലെയാണ് ഇഡിയുടെ വെളിപ്പെടുത്തൽ.

കേസിൽ 23 വരെ ഇഡി കസ്റ്റഡിയിൽ വിട്ട കവിതയെ കേസിലെ മറ്റ് പ്രതികൾക്കൊപ്പമിരുത്തി നാളെ മുതൽ ചോദ്യം ചെയ്യും. കഴിഞ്ഞ വെള്ളിയാഴ്ചയാണ് ഇഡി,ഐടി റെയ്ഡുകൾക്ക് പിന്നാലെ ബിആർഎസ് നേതാവും തെലങ്കാന മുൻ മുഖ്യമന്ത്രി കെ.ചന്ദ്രശേഖര റാവുവിൻറെ മകളുമായ കെ.കവിതയെ ഇഡി അറസ്റ്റ് ചെയ്തത്.

കേസുമായി ബന്ധപ്പെട്ട് കവിതയുടെ കൂട്ടാളിയും ഹൈദരാബാദിലെ മദ്യവ്യവസായിയുമായ മലയാളി അരുൺ രാമചന്ദ്രൻ പിള്ളയെ ഇഡി നേരത്തേ അറസ്റ്റ് ചെയ്തിരുന്നു. ഡൽഹിയിൽ സർക്കാരിൻറെ കീഴിലായിരുന്ന മദ്യ വിൽപനയുടെ ലൈസൻസ് 2021 ൽ സ്വകാര്യ മേഖലയ്ക്കു കൈമാറിയതിൽ കോടികളുടെ അഴിമതി നടന്നിട്ടുണ്ടെന്നും കള്ളപ്പണം വെളിപ്പിച്ചെന്നുമാണ് കേസ്.

# മത്സ്യത്തിന്റെ ദൃശ്യം മൊബൈലിൽ അപ്ലോഡ് ചെയ്താൽ സമ്പൂർണ വിവരങ്ങൾ കിട്ടും: പുതിയ ആപ്പ്



കൊച്ചി : മൊബൈൽ ഫോണിൽ മത്സ്യത്തിന്റെ ദൃശ്യം അപ്!ലോഡ് ചെയ്യുമ്പോൾ തന്നെ അതിന്റെ സമ്പൂർണവിവരങ്ങൾ ലഭ്യമാകുന്ന സംവിധാനം വികസിപ്പിക്കുന്നു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണു (സിഎംഎഫ്ആർഐ) പൊതുജന പങ്കാളിത്തത്തോടെയുള്ള ഈ പദ്ധതിക്കു പിന്നിൽ. നിർമിത ബുദ്ധിയുടെ (എഐ) സഹായത്തോടെയുള്ള ഈ മൊബൈൽ ആപ്പ്, ഇന്ത്യൻ തീരങ്ങളിൽ കാണപ്പെടുന്ന കടൽമത്സ്യയിനങ്ങളുടെ സമ്പൂർണ സചിത്ര ഡാറ്റാബേസ് ആണ് വികസിപ്പിക്കുന്നത്. 'മാർലിൻ@സിഎംഎഫ്ആർഐ' എന്നാണ് ആപ്പിന്റെ പേര്.

ഇന്ത്യയുടെ വിവിധ തീരങ്ങളിൽ പിടിക്കപ്പെടുന്ന മീനുകളുടെ ചിത്രങ്ങളും മറ്റു വിവരങ്ങളും ആപ്പിൽ അപ്!ലോഡ് ചെയ്യാം. ഈ വിവരങ്ങൾ ഇന്ത്യൻ സമുദ്രാതിർത്തിയിലെ മത്സ്യയിനങ്ങളെ കൃത്യമായി തിരിച്ചറിയാനും മറ്റു ശാസ്ത്രീയവിവര ശേഖരണത്തിനും സിഎംഎഫ്ആർഐയെ സഹായിക്കും. അതുവഴി കടൽ മത്സ്യസമ്പത്തിന്റെ സചിത്ര ഡാറ്റാബേസ് തയാറാക്കാനും വഴിയൊരുക്കും. ജിയോ ടാഗിങ് ഉള്ളതിനാൽ മത്സ്യയിനങ്ങളുടെ കൃത്യമായ സ്ഥലം രേഖപ്പെടുത്താനുമാകും. ഇത് മത്സ്യലഭ്യതയുമായി ബന്ധപ്പെട്ട പഠനങ്ങൾ കുറ്റമറ്റതാക്കാൻ സഹായിക്കുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ പറഞ്ഞു. ആധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് പൊതുജനങ്ങളെ കൂടി സമുദ്രഗവേഷണത്തിന്റെ ഭാഗമാക്കുന്നതാണ് പദ്ധതി. കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും സമുദ്രജൈവവൈവിധ്യത്തെ കൂടുതൽ അടുത്തറിയാനും പൊതുജനങ്ങൾക്ക് ഈ മൊബൈൽ ആപ്പ് ഉപകാരപ്പെടും. സിഎംഎഫ്ആർഐയുടെ ഫിഷറി റിസോഴ്സ് അസസ്മെന്റ്, ഇക്കണോമിക്സ് ആൻഡ് എക്സ്റ്റൻഷൻ വിഭാഗത്തിലെ ഡോ.എൽദോ വർഗീസിന്റെ നേതൃത്വത്തിലുള്ള പദ്ധതിക്കു കീഴിലാണ് ആപ്പ് വികസിപ്പിച്ചത്. ലാൻഡിങ് സെന്ററുകളിൽ നിന്ന് പകർത്തിയ മീനുകളുടെ ദൃശ്യങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ഡാറ്റാബേസ്, കടൽമീനുകളുടെ ഓരോ ഹാർബറുകളിലെയും ലഭ്യത ഓട്ടോമാറ്റിക് സംവിധാനത്തിലൂടെ മനസ്സിലാക്കാൻ ഭാവിയിൽ സഹായകരമാകുമെന്ന് ഡോ. എൽദോ വർഗീസ് പറഞ്ഞു.

## എസ്എൻഇസിയുടെ വളർച്ച പ്രതീക്ഷ ഉണ്ടാക്കുന്നത്: ജിഫ്രി തങ്ങൾ

കോഴിക്കോട്: പ്രവർത്തന ഗോഥയിൽ ഒരു വർഷം പൂർത്തിയായ സമസ്ത നാഷണൽ എജ്യുക്കേഷൻ കൗൺസിലിൻറെ വളർച്ച പ്രതീക്ഷ നൽകുന്നതാണെന്നനും ഭാവിയിൽ മികച്ച പദ്ധതികളുമായി മുന്നോട്ടു പോകാനാകണമെന്നും സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡൻറ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ പറഞ്ഞു. എസ്എൻഇസിയുടെ സ്ഥാപകദിന പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇസ്ലാമിക പാരമ്പര്യ മതപഠന സംവിധാനത്തിൻറെ അടിസ്ഥാനകാഴ്ചപ്പാടുകൾ പൂർണമായും തിരിച്ചറിഞ്ഞ് പ്രവർത്തിക്കണമെന്നും എസ്എൻഇസിയുടെ രൂപീകരണ ലക്ഷ്യമതാണെന്നും അദ്ദഹം കൂട്ടിച്ചേർത്തു. സെൻട്രൽ ഓഫീസ് പരിസരത്ത് അക്കാദമിക് കൗൺസിൽ ചെയർമാൻ പി.എം. അബ്ദുസലാം ബാഖവി വടക്കേകാട് പതാക ഉയർത്തി.

## എഐ: വിവാദ മാർഗനിർദേശങ്ങൾ പിൻവലിച്ചു

ന്യൂഡൽഹി: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) ഉല്പന്നങ്ങൾക്കുള്ള പുതിയ മാർഗനിർദേശങ്ങൾ കേന്ദ്രസർക്കാർ പിൻവലിച്ചു. ഐടി ആക്ട് 2000, ഐടി റൂൾസ് 2021 എന്നിവ പ്രകാരം ഈ മാസം ഒന്നിന് പുറപ്പെടുവിച്ച ഉപദേശമാണ് ഐടി മന്ത്രാലയം പിൻവലിച്ചത്. മാർച്ച് 15ന് പ്ലാറ്റ്ഫോമുകൾക്ക് നൽകിയ പുതിയ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് പഴയ നിർദേശം പിൻവലിച്ചതെന്ന് ഐടി മന്ത്രാലയം അറിയിച്ചു.

എഐ ഉല്പന്നങ്ങൾ പൊതുജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതിന് മുമ്പ് സർക്കാർ അനുമതി തേടണമെന്നായിരുന്നു പ്രധാന നിർദേശം. ഇത് വ്യാപകമായ വിമർശനത്തിന് ഇടയാക്കി. ഇതോടെ മാർഗനിർദേശം പിൻവലിക്കുകയായിരുന്നു.


